അടിയന്തരപ്രമേയം

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന

മി. സ്പീക്കർ: സമീപകാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവും ആയത് നിയന്ത്രിക്കുന്നതിനും പൊതുവിതരണമേഖലയെ ശക്തിപ്പെടുത്തുവാനും സർക്കാരിന്റെ ഭാഗത്തുനിന്നും ക്രിയാത്മകമായ ഇടപെടൽ നടത്താത്തതുമൂലവും സാധാരണ ജനങ്ങൾക്ക് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ അവസ്ഥാവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. മുരളീധരൻ, കെ.എൻ.എ. ഖാദർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, അവശ്യസാധനങ്ങളുടെ വില നിയന്ത്രിച്ച് നിർത്തുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വളരെ ശക്തമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. 20 മാസങ്ങൾക്കുള്ളിൽ 21 മാവേലി സ്റ്റോറുകളും 3 സൂപ്പർ

മാർക്കറ്റുകളും പുതുതായി ആരംഭിക്കുകയുണ്ടായി. 9 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളാക്കി. രണ്ട് സൂപ്പർ മാർക്കറ്റുകൾ പീപ്പിൾസ് ബസാറുകളാക്കി. എല്ലാ ഉൽസവവേളകളിലും സംസ്ഥാനമൊട്ടാകെ വ്യാപകമായി ഉൽസവച്ചന്തകൾ നടത്തിക്കൊണ്ട് എല്ലാ അവശ്യസാധനങ്ങളും ന്യായവിലയ്ക്ക് ലഭ്യമാക്കാനുള്ള അന്തരീക്ഷമുണ്ടാക്കി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ട് ഓണമാണ് കടന്നുപോയത്. ആ രണ്ട് ഓണക്കാലത്തും ഒരു ഉൽപ്പന്നത്തിനും നയാപൈസയുടെ വില വർദ്ധനവുണ്ടാകാതിരിക്കാൻ ഈ ഉൽസവചന്തകൾക്കായി എന്നുള്ളത് എല്ലാ ജനങ്ങളും ഒരുപോലെ സമ്മതിച്ച വസ്തുതയാണ്. അതുപോലെ തന്നെ മറ്റെല്ലാ ഉൽസവവേളകളിലും ഇതിന് മുമ്പ് നടത്തിയിരുന്നതിനേക്കാൾ വളരെ ഫലപ്രദമായി ചന്തകൾ നടത്തിക്കൊണ്ട് അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുവാനുള്ള എല്ലാ അന്തരീക്ഷവും ഈ സർക്കാർ ഒരുക്കുകയുണ്ടായി. 2013-14-ൽ 115 കോടി രൂപ, 2014-15-ൽ 70 കോടി രൂപ, 2015-16-ൽ 99 കോടി രൂപ എന്നിങ്ങനെയായിരുന്നു ആ സന്ദർഭങ്ങളിലൊക്കെ മാർക്കറ്റ് ഇന്റർവെൻഷൻ നടത്താൻ സപ്ലൈകോയ്ക്ക് നൽകിയിരുന്നതെങ്കിൽ ചരിത്രത്തിലാദ്യമായി 2016-2017-ലും 2017-18-ലും 200 കോടി രൂപ നീക്കിവച്ച് ഈ ഗവൺമെന്റ് മാർക്കറ്റ് ഇന്റർവെൻഷൻ ശക്തമാക്കാൻ വളരെ ഫലപ്രദമായ

നടപടികൾ സ്വീകരിച്ചുവെന്നുള്ളതാണ് വസ്തുത. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിലക്കയറ്റം പിടിച്ചുനിർത്താനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്ന വാഗ്ദാനം നൽകിയിരുന്നു. ഫലപ്രദമായും പ്രായോഗികമായും കാര്യങ്ങൾ ചെയ്തുകൊണ്ടാണ് നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞത്. സപ്ലൈകോ വഴിയും കൺസ്യൂമർ ഫെഡ് വഴിയും വിതരണം ചെയ്യുന്ന 13 സബ്സിഡി ഉൽപ്പന്നങ്ങൾക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ തുടരുന്നിടത്തോളം കാലം നയാപൈസയുടെ വില വർദ്ധനവ് വരുത്തുകയില്ല എന്നാണ് ഗവൺമെന്റ് പ്രഖ്യാപിച്ചത്. ആ പ്രഖ്യാപനം അക്ഷരാർത്ഥത്തിൽ നൂറുശതമാനവും പ്രാവർത്തികമാക്കി ഈ ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. വില കൂട്ടിയില്ല എന്നുമാത്രമല്ല, നിരവധി ഉൽപ്പന്നങ്ങളുടെ വില കുറച്ചുവെന്നുള്ളതാണ് യാഥാർത്ഥ്യം. 2016-ൽ ചെറുപയറിന് 107 രൂപയായിരുന്നത് 2018-ൽ 84 രൂപയായി കുറഞ്ഞു. ഉഴുന്ന് (ബോൾ) 180 രൂപയായിരുന്നത് 85 രൂപയായി കുറഞ്ഞു. തുവരപ്പരിപ്പ് 151 രൂപയായിരുന്നത് 84 രൂപയായി കുറഞ്ഞു. മുളകിന് 161 രൂപയായിരുന്നത് 100 രൂപയായി കുറഞ്ഞു. മല്ലി 114 രൂപയായിരുന്നത് 84 രൂപയായി കുറഞ്ഞു. ഇതെല്ലാം പൊതുമാർക്കറ്റിലെ വിലയുടെ താരതമ്യമാണ്. എന്നാൽ അരിക്കും പഞ്ചസാരയ്ക്കുമാണ് അൽപ്പം വില വർദ്ധിച്ചത്. അരി വില

വർദ്ധിച്ചുവെന്ന് പറയുമ്പോൾ ആന്ധ്രാപ്രദേശിൽ നിന്നും വരുന്ന അരിക്കാണ് നേരിയ വില വർദ്ധനവുണ്ടായത്. പഞ്ചസാരയുടെ വിലയിലും വർദ്ധനവുണ്ടായി. എന്നാൽ അരിക്കും പഞ്ചസാരയ്ക്കും ഇപ്പോൾ വില കുറഞ്ഞുകൊണ്ടിരിക്കുകയാണ്. 37 രൂപ വിലയുള്ള ആന്ധ്രാപ്രദേശിൽ നിന്നുള്ള ജയ അരി 25 രൂപയ്ക്കും 38 രൂപ വിലയുള്ള മട്ട അരി 24 രൂപയ്ക്കുമാണ് സപ്ലൈകോ വഴി നൽകുന്നത്. അതുപോലെ തന്നെ പഞ്ചസാരയ്ക്ക് 43 രൂപ വില വർദ്ധിച്ചു. ഇന്ന് കേരളത്തിലെ ഏത് മാർക്കറ്റിലും 37-38 രൂപയ്ക്ക് ചില്ലറയ്ക്ക് പഞ്ചസാര വാങ്ങാൻ കഴിയും എന്നുള്ള പ്രത്യേകതയുണ്ട്. വില കൂടിയ പഞ്ചസാരയ്ക്ക് പൊതുമാർക്കറ്റിൽ ഇത്രയും വില വാങ്ങുമ്പോൾ 22 രൂപയ്ക്ക് സപ്ലൈകോ വഴി നൽകുകയാണ്. വില വർദ്ധിച്ച മറ്റൊരുൽപ്പന്നമാണ് വെളിച്ചെണ്ണ. വെളിച്ചെണ്ണയ്ക്ക് പൊതുമാർക്കറ്റിൽ ഇന്ന് 200-220 രൂപ വിലയുണ്ട്. അത്രയും വിലയുള്ള വെളിച്ചെണ്ണ കേരളത്തിലെ എല്ലാ സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴിയും കേവലം 90 രൂപയ്ക്ക് കൊടുക്കുകയാണ്. 18 ലക്ഷം ലിറ്റർ വെളിച്ചെണ്ണ ഒരു മാസം സപ്ലൈകോ വിതരണം ചെയ്യുന്നുണ്ട്. അങ്ങനെ വിതരണം ചെയ്യുമ്പോൾ 6 കോടി രൂപയുടെ ബാദ്ധ്യത സപ്ലൈകോയ്ക്ക് ഉണ്ടാകുകയാണ്. ആ ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട് സംസ്ഥാനത്തെ ജനങ്ങൾക്ക് ന്യായവിലയ്ക്ക് വെളിച്ചെണ്ണ ലഭ്യമാക്കാനാവശ്യമായ നടപടികളും സപ്ലൈകോ ചെയ്തുകൊണ്ടിരിക്കുകയാണ്. ആ

ബാദ്ധ്യത എല്ലാം ഏൽക്കുന്ന സപ്ലൈകോയ്ക്ക് കൂടുതൽ സാമ്പത്തികമായി സംരക്ഷണം നൽകിക്കൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നുണ്ട് എന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ടാണ് മാർക്കറ്റ് ഇന്റർവെൻഷൻ വളരെ ഫലപ്രദമായി നടത്തുവാൻ ഞങ്ങൾക്കെല്ലാം കഴിഞ്ഞത്. വിലക്കയറ്റം ഇങ്ങനെ കൺട്രോൾ ചെയ്യുന്ന ഈ സന്ദർഭത്തിലും വളരെ പ്രതികൂലമായ സാഹചര്യത്തെയാണ് നമ്മൾ നേരിടുന്നതെന്ന് എല്ലാവരും മനസ്സിലാക്കണം. 2016-ൽ ഡീസലിന് ഒരു ലിറ്ററിന് 53.93 പൈസയായിരുന്നു വില. 2018-ൽ 69.64 പൈസയായി വർദ്ധിച്ചു. 16 രൂപയിലധികം ഒരു ലിറ്റർ ഡീസലിന്റെ വില വർദ്ധിച്ച സാഹചര്യത്തിലാണ് നമ്മുടെ സംസ്ഥാനത്ത് വിലക്കയറ്റത്തെ പിടിച്ചുനിർത്തി വളരെ നല്ല അനുകൂലമായ സാഹചര്യം ഒരുക്കാൻ കഴിഞ്ഞത് എന്നുള്ള യാഥാർത്ഥ്യം കൂടി മനസ്സിലാക്കണം. എല്ലാ ഉൽപ്പന്നങ്ങളും വിദൂര സ്ഥലങ്ങളിൽ നിന്നും വന്നേ മതിയാകൂവെന്ന് നമുക്ക് എല്ലാവർക്കുമറിയാം. അരി ആന്ധ്രാപ്രദേശിൽ നിന്നോ വടക്കൻ പ്രദേശങ്ങളിൽ നിന്നോ വരണം. എല്ലാ പലവ്യഞ്ജനങ്ങളും വടക്കൻ സംസ്ഥാനങ്ങളിൽ നിന്നും വന്നേ മതിയാകൂ. ഡീസലിന്റെ വില വർദ്ധനവ് എല്ലാ ചരക്കുകളുടെയും കടത്തുകൂലിയിൽ വലിയ വർദ്ധനവാണുണ്ടാക്കിയിരിക്കുന്നത്. അങ്ങനെ വർദ്ധനവുണ്ടായിരിക്കുന്ന സന്ദർഭത്തിലും ഈ സംസ്ഥാനം

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി വില കുറച്ച് നിത്യോപയോഗ സാധനങ്ങൾ ജനങ്ങൾക്ക് എത്തിക്കാൻ കഴിഞ്ഞ ഒരു സാഹചര്യമുണ്ടാക്കി എന്നുള്ളത് എടുത്തുപറയേണ്ട ഒരു പ്രത്യേകതയാണ്. ആ പ്രത്യേകതയെ അംഗങ്ങൾ മനസ്സിലാക്കുമെന്നാണ് ഞാൻ കരുതുന്നത്. അരിയുടെ വില 40 രൂപ മുതൽ 50 രൂപ വരെയായി എന്നാണ് പ്രമേയ അവതാരകൻ അവകാശപ്പെടുന്നത്. 50 രൂപയുടെ അരി ഏതാണെന്ന് എനിക്കറിയില്ല. ഏതായാലും ബ്രാന്റഡായ ഏറ്റവും നല്ല കുത്തരി വടി അരി ഇന്ന് മാർക്കറ്റിൽ കൊടുക്കുന്നത് 44 രൂപയ്ക്കാണ്. ബ്രാന്റഡ് അരിക്ക് അൽപ്പം വിലകൂടിയിട്ടുണ്ട്. ബ്രാന്റഡ് അരിക്ക് ജി.എസ്.ടി. ഏർപ്പെടുത്തി. അതുപോലെ തന്നെ അരിയുടെ വില വർദ്ധനയിൽ രണ്ട് പ്രധാനപ്പെട്ട ഘടകങ്ങളുണ്ടായിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് നെല്ലിന്റെ താങ്ങുവില അൽപ്പം വർദ്ധിപ്പിച്ചു. മറ്റൊന്ന്, നെല്ല് അരിയാക്കി പ്രോസസ് ചെയ്യുമ്പോൾ പ്രോസസ്സിംഗ് ചാർജ്ജിൽ ജി.എസ്.ടി. ഏർപ്പെടുത്തി. ഈ രണ്ട് ഘടകങ്ങളും കടന്നുവന്നതുകൊണ്ടാണ് അരിയുടെ വിലയിൽ നേരിയ വർദ്ധനവുണ്ടായത്. എന്നാലും നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക് അരിവിലയിൽ ന്യായമായ വർദ്ധനവുണ്ടാകാതിരിക്കാൻ എല്ലാ ക്രമീകരണങ്ങളും ഇവിടെ ചെയ്തിട്ടുണ്ട്. അരി വളരെ വ്യാപകമായി വില കുറച്ചുകൊടുക്കാനുള്ള സംവിധാനങ്ങളൊ

രുക്കിയിട്ടുണ്ട്. ഇപ്പോൾ വില കുറഞ്ഞുകൊണ്ടിരിക്കുന്ന ട്രെന്റാണ് ഉണ്ടായിരിക്കുന്നത്. വില കൂടുമായിരുന്നുവെങ്കിൽ തീർച്ചയായും മുൻവർഷങ്ങളിൽ അരിക്കടകൾ നടത്തിയിരുന്നതുപോലെ വ്യാപകമായി അരിക്കടകൾ നടത്തി ജനങ്ങൾക്ക് ആവശ്യമായ അരി നൽകാനുള്ള എല്ലാ സംവിധാനങ്ങളും ഗവൺമെന്റ് ഒരുക്കമായിരുന്നു. അതിനുള്ള എല്ലാ കരുതലുകളും നടത്തിക്കൊണ്ടാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. അത്തരമൊരു സാഹചര്യത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരാവശ്യവുമില്ല എന്ന് അറിയിച്ചുകൊള്ളുന്നു.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി വളരെ ലാഘവത്തോടുകൂടിയാണ് മറുപടി പറഞ്ഞത്. ഒരു പ്രശ്നവുമില്ല, അരിക്ക് ന്യായമായ വിലയാണ് കടകളിൽ ഈടാക്കുന്നത്, അരിയും പഞ്ചസാരയും വില കുറച്ച് കൊടുക്കുന്നു, പ്രമേയാവതാരകൻ മാത്രമാണ് അരി വില കൂടിയെന്ന് പറയുന്നത്, മാർക്കറ്റുകളിലൊന്നും ഒരു കുഴപ്പവുമില്ല എന്നാണ് അദ്ദേഹം പറയുന്നത്. അദ്ദേഹം പറഞ്ഞ അരിയും പഞ്ചസാരയും ഏത് കടയിൽ നിന്നാണ് ലഭിക്കുന്നതെന്ന് അറിയാൻ എനിക്ക് താൽപ്പര്യമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിയുമൊക്കെ കടന്നുപോകുന്ന റൂട്ടാണ് നന്തൻകോട്. നന്തൻകോടുള്ള അടിക്കടയിൽ നിന്നും

ഞാൻ കഴിഞ്ഞയാഴ്ച സുരേഖ അരി വാങ്ങിയത് 45 രൂപയ്ക്കാണ്. 32 രൂപയ്ക്ക് അരി കിട്ടുമെന്നാണ് അദ്ദേഹം പറയുന്നത്. ആ സ്ഥലമൊന്ന് പറഞ്ഞുതന്നാൽ കൊള്ളാമായിരുന്നു, അരി വാങ്ങാൻ വേണ്ടിയാണ്. ഇവിടെ കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും പരസ്പരം കുറ്റം പറയുമ്പോൾ ദുരിതമനുഭവിക്കുന്നത് കേരളത്തിലെ ജനങ്ങളാണ്. ഞങ്ങൾ പെട്രോളിനും ഡീസലിനും വിലകൂട്ടിയാലും സംസ്ഥാനങ്ങളുടെ വിഹിതം കറച്ചുകൂടേ എന്ന് കേന്ദ്ര ഗവൺമെന്റ് ചോദിക്കുന്നു. നിങ്ങൾ എന്തിനാണ് വില കൂട്ടുന്നത്, നിങ്ങൾ വിലകൂട്ടിയതിന്റെ അധികവിഹിതം ഞങ്ങൾ എന്തിന് ഉപേക്ഷിക്കുന്നുവെന്ന് സംസ്ഥാന ഗവൺമെന്റ് തിരികെ ചോദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതുപോലെ ക്രൂഡോയിലിന്റെ ഇന്നത്തെ വില 67.81 ഡോളറാണ്. ഒരു ലിറ്റർ ഡീസലിന് ഇന്നത്തെ വില 69.61 പൈസയാണ്. ഞാൻ ഇന്ന് ഡീസൽ അടിച്ചതുകൊണ്ടാണ് കൃത്യമായി പറയുന്നത്. പെട്രോളിന്റെ ഇന്നത്തെ വില 74.24 പൈസയാണ്. ക്രൂഡ് ഓയിലിന് 67.81 ഡോളറുള്ളപ്പോഴാണ് കേന്ദ്ര ഗവൺമെന്റ് ഇങ്ങനെ വില കൂട്ടുന്നത്. കേന്ദ്ര ഗവൺമെന്റ് എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിക്കുകയാണ്. ജനങ്ങൾക്ക് അധിക ബാദ്ധ്യതയുണ്ടാകാതെ നോക്കേണ്ട ചുമതലയാണ് സംസ്ഥാന സർക്കാരിനുള്ളത്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിൽ ക്രൂഡ് ഓയിലിന് 130-140

ഡോളറായിരുന്നപ്പോൾ പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിക്കേണ്ടിവന്നപ്പോൾ സംസ്ഥാനത്തിന് ലഭിക്കുമായിരുന്ന അധിക വരുമാനം 4 തവണ ഉപേക്ഷിക്കുവാൻ അന്നത്തെ ഗവൺമെന്റ് തയ്യാറായി. അങ്ങനെ ഉപേക്ഷിച്ചുവെന്നുള്ളത് റെക്കോർഡല്ലേ; എല്ലാത്തിനും കഴിഞ്ഞ സർക്കാരിനെ കുറ്റം പറയുന്നുണ്ടല്ലോ; എന്നാൽ കഴിഞ്ഞ സർക്കാർ ചെയ്തുവെന്ന് നിങ്ങൾക്കുതന്നെ ബോദ്ധ്യമുള്ള ഒരു കാര്യത്തിൽ ഒരിക്കലെങ്കിലും വില ഉപേക്ഷിക്കുവാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ; കഴിഞ്ഞ 20 മാസത്തിനുള്ളിൽ ഒരു പൈസപോലും അധിക വരുമാനം ഉപേക്ഷിക്കുവാൻ സംസ്ഥാന സർക്കാർ തയ്യാറായിട്ടില്ല. ഇതിന്റെ പരിണതഫലം അനുഭവിക്കുന്നത് ജനങ്ങളാണ്. ജി.എസ്.ടി. നിലവിൽ വന്നപ്പോൾ അതിനെക്കുറിച്ച് ഒരുപാട് ചർച്ചകൾ നടത്തുന്നുണ്ട്. ഞാൻ അതൊന്നും ആവർത്തിക്കുകയല്ല. ജി.എസ്.ടി.-യെക്കുറിച്ച് വളരെ ആവേശത്തോടെ സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടി.-യിൽപെടുത്താൻ പറഞ്ഞപ്പോൾ കേരളം ഉൾപ്പടെയുള്ള സംസ്ഥാനങ്ങൾ അനുകൂലിച്ചില്ല. അതിനെ അനുകൂലിച്ചിരുന്നുവെങ്കിൽ ഇങ്ങനെ തോന്നുന്നതുപോലെ എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാരിന് കഴിയില്ലായിരുന്നു. അപ്പോൾ സംസ്ഥാനത്തിനും ഉത്തരവാദിത്വമില്ലേ; സംസ്ഥാനത്തിന്റെ വിഷയങ്ങളെന്താണ്;

അരിയുടെ വില നിയന്ത്രിക്കാൻ സംസ്ഥാന സർക്കാരിന് കഴിയുന്നുണ്ടോ; ഓരോ ദിവസവും ലഭിക്കുന്ന അരി മറിച്ചുവിൽക്കുകയല്ലേ; കഴിഞ്ഞ ജനുവരി മാസത്തിൽ മംഗളം പത്രത്തിൽ വന്ന ഒരു വാർത്തയുണ്ട്, 'പ്രതിമാസം മറിക്കുന്നത് 13 കോടി രൂപയുടെ റേഷൻ കുത്തരിയെന്ന് വിജിലൻസ്'. ഇത് വിജിലൻസാണ് പറഞ്ഞത്. 'വെള്ള അരി ജയ അരിയായി പുറത്തേയ്ക്ക്'. സംസ്ഥാനത്തെ റേഷൻ കടകളിൽ നിന്നും ഓരോ മാസവും കരിഞ്ചന്തയിലേയ്ക്ക് ഒഴുകുന്നത് 13 കോടി രൂപയുടെ കുത്തരിയാണ്. വെള്ള അരി ജയ അരിയെന്ന ലേബലിൽ പൊതുവിപണിയിലെത്തിച്ച് 20 കോടി രൂപയുടെ വെട്ടിപ്പാണ് നടക്കുന്നത്. അങ്ങനെ കണ്ടെത്തിയിട്ടുണ്ടോ; കണ്ടെത്തിയിട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ അതിന് മറുപടി പറയേണ്ടതാണ്. മറ്റ് പത്രങ്ങളിലേയ്ക്കൊന്നും പോകേണ്ട, ഞാൻ വായിക്കുന്നത് വീക്ഷണം പത്രമല്ല, ദേശാഭിമാനി പത്രമാണ്. ഡിസംബർ 2-ാം തീയതി ദേശാഭിമാനി പത്രത്തിൽ വന്നത് 'സവാള വില രണ്ടിരട്ടി, ക്രിസ്തുമസ് വിപണിയിൽ പണം വാരാൻ ഇടനിലക്കാർ' എന്നാണ്. ഇത് ദേശാഭിമാനി പത്രത്തിൽ വന്ന വാർത്തയാണ്. ഇന്നത്തെ മാധ്യമം പത്രത്തിൽ വന്നത് 'അരിക്കടയും പാളുന്നു, ജനങ്ങൾക്ക് ലഭിക്കേണ്ട അരി കരഞ്ചന്തയിലേയ്ക്ക്, ജയ അരി വില 50 രൂപയിലേയ്ക്ക്, ഭക്ഷ്യ വകുപ്പിന്റെ ഇടപെടൽ ദുർബ്ബലം,

തിരിമറിക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുമെന്ന് മന്ത്രി' എന്നൊക്കെയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, അരിക്കട വന്നതോടുകൂടി ഇവിടെ അരി സുലഭമായി കിട്ടുന്നുണ്ടെന്നാണ്. മാവേലി സ്റ്റോർ തുടങ്ങിയതിന്റെ കണക്കൊക്കെ അദ്ദേഹം പറഞ്ഞു. ഇവിടേയ്ക്ക് ലഭിക്കേണ്ട അരിയാണ് ഉദ്യോഗസ്ഥർ മറിച്ചുവിൽക്കുന്നത്. ആ ഉദ്യോഗസ്ഥരെ നിയന്ത്രിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയുന്നുണ്ടോ; സവാളയുടെ വില രണ്ടിരട്ടിയെന്ന് ഭരണത്തിന് നേതൃത്വം നൽകുന്ന പാർട്ടിയുടെ മുഖപത്രംപോലും പരാതി പറയുമ്പോൾ പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങൾ ഇതെല്ലാം കയ്യുംകെട്ടി നോക്കിയിരിക്കണമെന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ഇപ്പോൾ അദ്ദേഹത്തിന്റെ പാർട്ടിയുടെ ജില്ലാ സമ്മേളനങ്ങൾ നടക്കുകയാണ്. ജില്ലാ സമ്മേളനങ്ങളിൽ ഏറ്റവുമധികം വിമർശനം ഏറ്റുവാങ്ങേണ്ടി വരുന്നത് ഭക്ഷ്യ വകുപ്പുമന്ത്രിക്കാണെന്നാണ് ഞങ്ങൾ പത്രത്തിൽ വായിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, അദ്ദേഹത്തിന്റെ പാർട്ടിയിൽ ചർച്ച നടക്കാറുണ്ട്, നല്ലത് മാത്രം കൈക്കൊള്ളും അല്ലാത്തവ തള്ളിക്കളയുമെന്ന്. അതായത്, മുഖ്യമന്ത്രി നല്ലയാളാണെന്ന് പറഞ്ഞാൽ അംഗീകരിക്കുകയും മുഖ്യമന്ത്രി മോശമാണെന്ന് പറഞ്ഞാൽ തള്ളിക്കളയുകയും ചെയ്യുമെന്നാണ്. ഞങ്ങൾ വിമർശിക്കുമ്പോൾ, ഞങ്ങൾക്ക് സമ്മേളനം നടത്തിയൊന്നും പരിചയമില്ല; സംസ്ഥാന സമ്മേളനവും

ജില്ലാ സമ്മേളനവുമൊക്കെ ഞങ്ങളും നടത്താറുണ്ട്. അദ്ദേഹം നോമിനേഷനെക്കുറിച്ച് പറഞ്ഞു, അദ്ദേഹത്തിന്റെ പാർട്ടിയും ഒരു നോമിനേഷൻ തന്നെയാണല്ലോ;

മി. സ്പീക്കർ: വിലക്കയറ്റമാണ് വിഷയം.

ശ്രീ. കെ. മുരളീധരൻ: സർ, പാനൽ അവതരിപ്പിക്കുന്നു, അതിൽ ആരെങ്കിലും എതിരായിപ്പറഞ്ഞാൽ അവരെ തള്ളുന്നു. അങ്ങനെയാണല്ലോ എം. വി. രാഘവൻ മുമ്പ് പറത്തുപോയത്. ഞാൻ അതിലേയ്ക്ക് കടക്കുകയല്ല. നാല് മന്ത്രിമാരിൽ ഏറ്റവും മോശപ്പെട്ട മന്ത്രി ശ്രീ. പി. തിലോത്തമനാണെന്ന് ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയുടെ പാർട്ടിയുടെ ചർച്ചയിൽത്തന്നെ പറയുന്നതായി ഞങ്ങൾ പത്രത്തിൽ വായിച്ചതാണ്. ഞാൻ ഒരിക്കലും അങ്ങയെക്കുറിച്ച് അങ്ങനെ പറയുന്നില്ല. എനിക്ക് അങ്ങയോട് നല്ല ബഹുമാനമാണ്. പക്ഷെ അങ്ങയുടെ പാർട്ടി ചർച്ചയിൽ അങ്ങയെ മോശക്കാരനായി പറയുന്നു. മാത്രമല്ല, ഇ. ചന്ദ്രശേഖരൻ നായർ ഇരുന്ന കസേരയിലാണ് നിങ്ങൾ ഇരിക്കുന്നതെന്ന് ഓർമ്മ വേണമെന്ന് പല പ്രതിനിധികളും പറയുന്നതായാണ് പത്രത്തിൽനിന്നും വായിക്കുന്നത്. ഏറ്റവും വലിയ വിമർശനം അങ്ങയെക്കുറിച്ചാണ്. അങ്ങയുടെ പാർട്ടിതന്നെ അങ്ങയെ വിമർശിക്കുമ്പോൾ ഇവിടെ എല്ലാം ഭദ്രമാണെന്നാണ് അങ്ങ് പറയുന്നത്. കരിഞ്ചന്തക്കാരെ

നിയന്ത്രിക്കാൻ എന്തുകൊണ്ട് അങ്ങേയ്ക്ക് കഴിയുന്നില്ല; എന്തുകൊണ്ട് ഉദ്യോഗസ്ഥരെ ഇങ്ങനെ കയറൂരി വിടുന്നൊരു പ്രവണതയിലേയ്ക്ക് അങ്ങ് എത്തിച്ചേർന്നു; അരി വിലകൊണ്ട് ജനങ്ങൾ പൊറുതിമുട്ടുമ്പോൾ, മംഗളം പത്രത്തിൽ വന്ന വാർത്തയാണ്, 'തീ പിടിച്ച് ഇന്ധനവില'. കാര്യം പറയുമ്പോൾ എന്തിനാണ് അസ്വസ്ഥമാകുന്നത്; പറയുന്ന കാര്യത്തിന് മന്ത്രിക്ക് മറുപടി പറയാമല്ലോ; തീ പിടിച്ച് ഇന്ധനവില, എണ്ണ കമ്പനികളുടെ കൊള്ളലാഭം 45,000 കോടി രൂപ. അതിന് പുറമെ, വിലക്കയറ്റംമൂലം നിർമ്മാണ മേഖല സ്തംഭിച്ചു, കരാറുകാർ പിന്മാറുന്നു. ഇതൊക്കെ വിലക്കയറ്റത്തിന്റെ ഭാഗമാണ്. ഇത് മാധ്യമം പത്രത്തിൽ കഴിഞ്ഞ ഓണക്കാലത്ത് വന്ന വാർത്തയാണ്. വിലക്കയറ്റം, സർക്കാർ നിസ്സഹായമോ; ഇവിടെ എത്രമാത്തെ തവണയാണ് അടിയന്തരപ്രമേയം വരുന്നത്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മൂന്നാമത്തെ തവണയാണ് അടിയന്തരപ്രമേയം കൊണ്ടുവരുന്നത്. രണ്ടാമത്തെ അടിയന്തരപ്രമേയത്തിന്റെ ചർച്ചയിൽ ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി, അരിക്ക് 35/- രൂപ എന്നുള്ളത് പരമാവധി നിയന്ത്രിക്കുമെന്ന് പറഞ്ഞു. ആ 35/- രൂപയാണ് 45/- രൂപയിലേയ്ക്കും 50/- രൂപയിലേയ്ക്കും കടന്നുകൊണ്ടിരിക്കുന്നത്. അത് നിയന്ത്രിക്കാൻ കഴിഞ്ഞോ; ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം ഈ സഭയിൽ സമർപ്പിച്ച ഇക്കണോമിക് റിവ്യൂ റിപ്പോർട്ട് 2017-ൽ ഓരോന്നിന്റെയും

കണക്ക് വ്യക്തമായി പറയുന്നുണ്ട്. അതായത്, 2017 ജനുവരി മാസം മുതൽ 2017 സെപ്റ്റംബർ വരെയുള്ള കണക്കാണ് ഇക്കണമിക്ക് റിവ്യൂ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. അരി (ചുവന്നത്) 2017 ജനുവരിയിൽ പൊതു കമ്പോളത്തിൽ 37.82 രൂപയെന്നും സെപ്റ്റംബറിൽ 44.02 രൂപയുമെന്ന് അതിൽ പറയുന്നുണ്ട്. ഇത് സർക്കാരിന്റെ കണക്കാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച കണക്കാണ്. ആ കണക്ക് തെറ്റാണോ; അരി (വെള്ള) 2017 ജനുവരിയിൽ 35.77 രൂപയും സെപ്റ്റംബറിൽ 38.25 രൂപയുമാണ്. ചെറുപയറിന് ജനുവരിയിൽ 83.21 രൂപയും സെപ്റ്റംബറിൽ 86.82 രൂപയുമാണ്. ചുവന്ന പരിപ്പിന് ജനുവരിയിൽ 76.43 രൂപയും സെപ്റ്റംബറിൽ 77.57 രൂപയുമാണ്. പഞ്ചസാരയ്ക്ക് ജനുവരിയിൽ 41.91 രൂപയും സെപ്റ്റംബറിൽ 43.50 രൂപയുമാണ്. ഇത് സെപ്റ്റംബർ വരെയുള്ള കണക്കാണ്. അതിനുശേഷം കൂടിയിട്ടുണ്ട്. അരിക്കും പഞ്ചസാരയ്ക്കും വില കൂടിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞിട്ടുണ്ട്. നാടൻ കോഴിമുട്ടയ്ക്ക് ജനുവരിയിൽ 77.40 രൂപയും സെപ്റ്റംബറിൽ 79.95 രൂപയുമാണ്. ഇതുതന്നെ ധാരാളമല്ലേ; വിലക്കയറ്റത്തിന്റെ ഏറ്റവും പ്രത്യക്ഷമായ ഉദാഹരണമല്ലേ ഇത്. ഇത്രയുമൊക്കെ ഈ നാട്ടിൽ നടക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിതന്നെ ഇതിനെ വിമർശിക്കുമ്പോൾ,

ഭരണത്തിന് നേതൃത്വം കൊടുക്കുന്ന പാർട്ടിയുടെ മുഖപത്രംതന്നെ ഇതിനെ വിമർശിക്കുമ്പോൾ ഞങ്ങൾ ഒന്നും പറയണ്ട, എല്ലാം കണ്ട് കണ്ണടയ്ക്കണമെന്നാണോ പറയുന്നത്. ഈ നാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതം സഭയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടത് ഞങ്ങളുടെ ഉത്തരവാദിത്വമല്ലേ; ഇവിടെ ജനങ്ങളെല്ലാം പൊറുതി മുട്ടുമ്പോൾ എല്ലാം ഭദ്രമാണ്, 21 മാവേലി സ്റ്റോർ തുടങ്ങി, ഇനിയൊന്നും തുടങ്ങാനില്ല..... കേരള കൗമുദി പത്രം നിങ്ങൾക്ക് വിശ്വാസമുള്ള പത്രമാണല്ലോ; മലയാള മനോരമയിൽ റിപ്പോർട്ടുണ്ട്. അത് നിങ്ങൾക്ക് വിശ്വാസമില്ലാത്തതുകൊണ്ട് വായിക്കുന്നില്ല; മാതൃഭൂമി പത്രം ഇപ്പോൾ പകുതി വിശ്വാസമായിട്ടുണ്ട്. എന്നാൽ ഞാനത് വായിക്കുന്നില്ല. ഞാൻ കേരള കൗമുദി പത്രം വായിക്കാം.

മി. സ്പീക്കർ: 11 മിനിട്ടായി, പ്ലീസ്......

ശ്രീ. കെ. മുരളീധരൻ: സർ, വിലക്കയറ്റംകൊണ്ട് ജനങ്ങൾ പൊറുതിമുട്ടുന്നത് സഭയിലല്ലാതെ എവിടെയാണ് പറയുക. നാട്ടുകാർ ചോദിക്കില്ലേ; മന്ത്രിയുടെ പാർട്ടിപോലും മന്ത്രിയെ വിമർശിക്കുമ്പോൾ പ്രതിപക്ഷത്ത് നിങ്ങൾ എന്തിനിരിക്കുകയാണെന്ന് ജനങ്ങൾ ചോദിക്കില്ലേ; അതുകൊണ്ട് ഇത് അവതരിപ്പിക്കണ്ടേ?

മി. സ്പീക്കർ: അങ്ങ് നല്ല അച്ചടക്കവും കൃത്യനിഷ്ഠയുമുള്ള ആളാണ്. പ്ലീസ്

കൺക്ലൂഡ്....

ശ്രീ. കെ. മുരളീധരൻ: സർ, സപ്ലൈകോ മാർക്കറ്റിൽ സബ്സിഡി അരിയില്ല, പൊതു വിപണിയിൽ അരി വില കുതിക്കുന്നുവെന്നത് കഴിഞ്ഞ ദിവസത്തെ 'കേരള കൗമുദി' പത്രത്തിൽ വന്നിട്ടുള്ള വാർത്തയാണ്. അങ്ങനെ ഓരോ റിപ്പോർട്ടുകൾ വരികയാണ്. മാവേലി സ്റ്റോറിൽ ചെന്നാൽ സാധനമില്ല. കഴിഞ്ഞ ഓണക്കാലത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഓണക്കാലത്ത് എല്ലാ നിയോജകമണ്ഡലങ്ങളിലും സപ്ലൈകോയുടെ ഓണച്ചന്തകൾ 10 ദിവസം പ്രവർത്തിക്കാറുണ്ട്. കഴിഞ്ഞ തവണ ഓണവും ബക്രീദും ഒരുമിച്ചാണ് വന്നത്. സെപ്റ്റംബർ 1-ാം തീയതി ബക്രീദ്, സെപ്റ്റംബർ 4-ാം തീയതി തിരുവോണവും. ഓണച്ചന്തകൾ തുടങ്ങിയത് ആഗസ്റ്റ് 30-ാം തീയതി ഉച്ചയ്ക്കുശേഷമാണ്. 30-ാം തീയതി രാവിലെ സംസ്ഥാനതലത്തിലുള്ള ഉദ്ഘാടനമുള്ളതുകൊണ്ട് നിയോജക മണ്ഡലങ്ങളിലെ ഓണച്ചന്തകൾ ഉച്ചയ്ക്കുശേഷം ഉദ്ഘാടനം ചെയ്താൽ മതിയെന്ന് പറഞ്ഞിരുന്നു. ഉച്ചയ്ക്കുശേഷം ഉദ്ഘാടനം ചെയ്തു.

മി. സ്പീക്കർ: കഴിഞ്ഞ വർഷത്തെ ഓണച്ചന്തയെക്കുറിച്ച് പറയുന്നത് അടിയന്തരപ്രമേയമാകുമോ;

ശ്രീ. കെ. മുരളീധരൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ 31-ാം തീയതി

വൈകുന്നേരമായപ്പോൾ സാധനങ്ങൾ മുഴുവനും തീർന്നു. 1-ാം തീയതി ബക്രീദായപ്പോൾ ഒരു സാധനംപോലും സ്റ്റോക്കില്ല. ഓണച്ചന്തകളെല്ലാം 3-ാം തീയതി അവസാനിച്ചല്ലോ; അപ്പോൾ 30-ാം തീയതി ഉച്ചയ്ക്ക് തുടങ്ങി 3-ാം തീയതി വൈകുന്നേരം കഴിയുന്ന രീതിയിലാണോ ഓണച്ചന്ത നടത്തിയിട്ടുള്ളത്. ഓണവും ബക്രീദുമുണ്ടായിരുന്നു. ഇത് രണ്ടും ഒരുമിച്ച് വന്നിട്ടുപോലും സംസ്ഥാന സർക്കാർ 140 നിയോജമണ്ഡലങ്ങളിലെയും ഓണച്ചന്തകൾ 4 ദിവസമാക്കി ചുരുക്കിയെന്ന് മാത്രമല്ല, ആ 4 ദിവസവും വേണ്ടത്ര സാധനങ്ങൾ ലഭ്യമല്ലാത്ത സ്ഥിതിവിശേഷവുമുണ്ടായി. ഓണത്തിനുപോലും നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെയാണ് ക്രിസ്തുമസിന്റെയും സ്ഥിതി. ഇതൊക്കെ മൂന്നോ നാലോ ദിവസം പേരിന് നടത്തി. നടത്തിയെന്നുള്ള പേരും അതുകൊണ്ട് ജനങ്ങൾക്ക് ഉപകാരമില്ലാത്ത രീതിയുമാണ് ഇപ്പോൾ ഇവിടെ നടക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ, ഒന്നിനും നാഥനില്ലാത്ത ഒരവസ്ഥയാണ് ഇപ്പോൾ സംസ്ഥാനത്തുള്ളത്. മന്ത്രി പറഞ്ഞാൽ ഉദ്യോഗസ്ഥർക്ക് വിലയില്ല. ഉദ്യോഗസ്ഥരിൽ മന്ത്രിമാർക്ക് നിയന്ത്രണമില്ല. വകുപ്പ് സെക്രട്ടറിമാർ തോന്നിയതുപോലെ പ്രവർത്തിക്കുന്നു. അവരെ നിയന്ത്രിക്കാൻ മന്ത്രിമാർക്ക് കഴിയുന്നില്ല.

മി. സ്പീക്കർ: പ്ലീസ്..... അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, ഇതിന്റെ പരിണതഫലം ജനങ്ങളുടെ നട്ടെല്ലൊടിയുന്ന രീതിയിലേയ്ക്ക് ഈ സംസ്ഥാനം എത്തിയിരിക്കുന്നു. അതുകൊണ്ട് ഗവൺമെന്റിനോട് പറയാനുള്ളത്, ഇത്രയും സീരിയസ്സായ ഒരു വിഷയം, നിങ്ങൾ ഇവിടെ പ്രതിപക്ഷത്തിരിക്കുന്ന സമയത്തും നമ്മൾ വിലക്കയറ്റത്തെക്കുറിച്ച് ചർച്ച നടത്തിയിട്ടില്ലേ; ഈ സഭാ നടപടികൾ നിർത്തിവച്ച് വിലക്കയറ്റത്തെക്കുറിച്ച് 2 മണിക്കൂർ നമ്മൾ ചർച്ച ചെയ്തിട്ടുണ്ടല്ലോ; എന്തുകൊണ്ട് ഇത്തവണയും ചർച്ച ചെയ്തുകൂടാ; എല്ലാവർക്കും സമ്മേളനത്തിരക്കുണ്ടെന്ന് അറിയാം. മറ്റന്നാൾ കഴിഞ്ഞാൽ സഭ കഴിയുകയല്ലേ; ഇപ്പോൾ ബഡ്ജറ്റിന്റെ പൊതുചർച്ചയല്ലേയുള്ളൂ. അത് എന്തായാലും നടത്താം. കുറച്ച് സമയം ഇതിനുവേണ്ടി മാറ്റിവച്ച്, 2 മണിക്കൂറെങ്കിലും ഇതിനെക്കുറിച്ച് ചർച്ച നടത്താൻ ഗവൺമെന്റ് തയ്യാറാകണം. ഈ അടിയന്തരപ്രമേയം കൊണ്ടുവന്നത് പ്രതിപക്ഷമാണെന്നുള്ള കാരണംകൊണ്ട് ഇതിനെ തള്ളിക്കളയരുത്. ദയവായി ചർച്ച നടത്തണമെന്ന് അങ്ങ് മുഖാന്തിരം ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>): സർ, ബഹുമാന്യനായ ശ്രീ. കെ. മുരളീധരൻ നന്തൻകോടുള്ള കടയിലേയ്ക്ക് പോകേണ്ടതില്ല.

ഈ സിറ്റിയിൽത്തന്നെ ന്യായവിലയ്ക്ക് നല്ല അരി ലഭിക്കുന്ന നിരവധി സൂപ്പർബസാറും മാർക്കറ്റുമൊക്കെയുണ്ട്. നന്തൻകോട്ടുള്ള കടയിൽത്തന്നെ പ്രത്യേകം പോയി വാങ്ങണമെന്ന് നിർബന്ധമാണെങ്കിൽ എന്താണ് സ്ഥിതിയെന്ന് എനിക്കറിയില്ല. ചാലക്കമ്പോളത്തിലെ അരിയുടെ വിലയാണ് ഞാനിവിടെ എടുത്തുപറഞ്ഞത്. ഇന്ന് ജയ അരിക്ക് 37 രൂപയും കുത്തരിക്ക് 40 രൂപയും വടി കുത്തരിക്ക് 44 രൂപയുമാണ്. ജി.എസ്.റ്റി. വന്നതുകൊണ്ട് ബ്രാന്റഡ് അരിക്ക് അൽപ്പം വിലകൂടിയിട്ടുണ്ട്. ജി.എസ്.റ്റി. വന്നപ്പോൾ ഷോപ്പിംഗ് മാളുകൾ ഒരു പ്രവണത കാണിച്ചു. എം.ആർ.പി.-യുടെ പുറത്ത് അവർ വീണ്ടും വിലകൂട്ടി. അക്കാര്യം മാധ്യമങ്ങളിലൊക്കെ വന്നുവെന്നത് ശരിയാണ്. ഞങ്ങൾ വളരെ കർക്കശമായ ഇടപെടൽ നടത്തി ഷോപ്പിംഗ് മാളുകളിൽ പരിശോധന നടത്താൻ ലീഗൽ മെട്രോളജി വകുപ്പിനെ ചുമതലപ്പെടുത്തി. എം.ആർ.പി. അടിച്ചതിന്റെ പുറത്ത് രണ്ടാമതൊരു സ്റ്റിക്കറൊട്ടിച്ച് വില കൂട്ടി വിൽക്കുന്നു എന്നാണ് പരിശോധനയിൽ കണ്ടെത്തിയത്. ഒരു ദിവസംകൊണ്ട് 80 കേസുകളാണ് സംസ്ഥാനമൊട്ടാകെയുള്ള ഷോപ്പിംഗ് മാളുകളിൽ പരിശോധന നടത്തി ലീഗൽ മെട്രോളജി വകുപ്പ് കണ്ടെത്തിയത്. ആ ഇടപെടൽ വില കുറച്ചുകൊണ്ടുവരാൻ സഹായിച്ചു. ജി.എസ്.റ്റി.-യുടെ പേരിൽ ബ്രാന്റഡ് അരി വില കൂട്ടി വിൽക്കാൻ വലിയൊരു സംഘടിത ശ്രമം

ഷോപ്പിംഗ് മാളുകളിലെ വ്യാപാരികൾ നടത്തി എന്നുള്ളത് ശരിയാണ്. പക്ഷേ പിന്നീട് വില കുറഞ്ഞു.

ആന്ധ്രയിൽനിന്ന് വരുന്ന സുലേഖ അരിയിലും ജയ അരിയിലും ചെറിയൊരു വർദ്ധനവ് ഉണ്ടായിരുന്നു. അതിപ്പോൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. രണ്ട് ദിവസം മുൻപ് സപ്ലൈകോയുടെ ടെണ്ടറിൽ കഴിഞ്ഞ ആഴ്ചയേക്കാൾ ഒരു രൂപകൂടി കുറഞ്ഞാണ് ക്വാട്ട് ചെയ്തത്. നമ്മുടെ കടത്തുകൂലിയിൽ വർദ്ധനവ് ഉണ്ടാകുമായിരുന്നില്ലെങ്കിൽ അതിനേക്കാൾ കുറയുമായിരുന്നു എന്നാണ് പൊതുവിൽ ഞങ്ങൾ മനസ്സിലാക്കുന്നത്. ഏതായാലും കേരളത്തിൽ ആന്ധ്രയിലെ അരിയുടെ വിലയിൽ വലിയ വ്യത്യാസമില്ല. എന്നാൽ അരി ഏറ്റവും കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളായ കർണ്ണാടകത്തിലെയും തമിഴ്നാട്ടിലെയും വിലയ്ക്ക് നമുക്കിവിടെ പൊതുമാർക്കറ്റിൽ അരി കൊടുക്കാൻ കഴിയുന്നുണ്ടോ എന്നൊരു യാഥാർത്ഥ്യമുണ്ട്. അതിനേക്കാൾ വില കുറച്ചാണ് നമ്മൾ സപ്ലൈകോ വഴി കൊടുക്കുന്നത്. അതിനേക്കൾ ഏറെ റെഡ്യൂസ് ചെയ്താണ് നമ്മൾ സബ്സിഡി അരിയായി ഇവിടെ കൊടുക്കുന്നത്. അതാണ് യാഥാർത്ഥ്യം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് ആന്ധ്രയിൽ നിന്ന് നേരിട്ട് അരി വാങ്ങാൻ പോയിരുന്നു. നേരിട്ട് അരി

കൊണ്ടുവന്നോ; എന്താണ് അതിന്റെ സ്ഥിതി; ഇപ്പോൾ എങ്ങനെയാണ് അരി വാങ്ങുന്നത്; സിവിൽ സപ്ലൈസ് ടെണ്ടറിലൂടെയാണോ; അതോ നേരിട്ട് അരി വാങ്ങുകയാണോ; ബഹുമാന്യനായ മുഖ്യമന്ത്രി അവിടത്തെ ഡെപ്യൂട്ടി മുഖ്യമന്ത്രിയുമായി സംസാരിച്ചു എന്ന വിവരം ഈ സഭയിൽ പറഞ്ഞതാണ്. അങ്ങനെയൊരു ഇടപാട് ഇപ്പോൾ നടക്കുന്നുണ്ടോ; അതോ ഇപ്പോഴും പഴയ രീതിയിലാണോ തുടരുന്നത്?

ശ്രീ. പി. തിലോത്തമൻ: സർ, ആന്ധ്രയിൽനിന്ന് അരി വാങ്ങാൻ പോയതിനെ ക്കുറിച്ച് കളിയാക്കി ബഹുമാന്യനായ പ്രതിപക്ഷനേതാവ് പ്രസംഗിച്ചത് പലയിടത്തുനിന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി. അന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ഇടപെട്ട്, ഞാൻ ഉൾപ്പെടെയുള്ള ആളുകൾ അവിടെ പോയി സംസാരിച്ചിരുന്നു. നമുക്കന്ന് ഏറ്റവും വില കുറഞ്ഞ, നല്ല ക്വാളിറ്റിയുള്ള അരി ലഭ്യമായി. ആ അരിയാണ് ഈ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും ഓണക്കാലത്ത് 5 കിലോ വീതം കൊടുത്തത്. അതുപോലെ വീണ്ടും 10,000 ടൺ അരി വാങ്ങാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അത് ലഭ്യമാകും എന്നുതന്നെയാണ് ഞങ്ങൾ കരുതുന്നത്. എന്നാൽ ആന്ധ്രയിലെ മില്ലുടമകളും നമ്മുടെ സംസ്ഥാനത്ത് ആന്ധ്രയിൽനിന്ന് അരി കൊണ്ടുവന്ന് വിൽപ്പന നടത്തുന്ന പ്രധാനപ്പെട്ട

കച്ചവടക്കാരും തമ്മിൽ ഒരു ഇടപാടുണ്ട് എന്ന് ഞങ്ങൾ മനസ്സിലാക്കുകയാണ്. എങ്കിലും ആന്ധ്ര ഗവൺമെന്റിൽ പരമാവധി സമ്മർദ്ദം ചെലുത്തിക്കൊണ്ട് നേരിട്ട് അവിടത്തെ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റുവഴി അരി കൊണ്ടുവരാനുള്ള ശ്രമങ്ങൾ ഞങ്ങളിപ്പോഴും തുടരുകയാണ്.

അരിയുടെ തിരിമറിയെ കുറിച്ച് ബഹുമാന്യനായ ശ്രീ. കെ. മുരളീധരൻ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞത് നമ്മുടെ പി.ഡി.എസ്. സിസ്റ്റത്തിലെ കാര്യമാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവിടെ നമ്മൾ 2016 നവംബർ മാസം മുതലാണ് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കാൻ ആരംഭിച്ചത്. അതിന്റെ പ്രയാസകരമായ സാഹചര്യമൊക്കെ ഉണ്ടായത് ഞാൻ ഇതിനുമുൻപ് സഭയിൽ പറഞ്ഞിട്ടുള്ളതാണ്. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. എന്തുകൊണ്ടാണ് അതിന്റെ പ്രയാസം നേരിടേണ്ടി വന്നതെന്നും ഞാൻ പറയുന്നില്ല. അത് എല്ലാവർക്കും അറിയാവുന്നതാണ്. നമ്മുടെ സംസ്ഥാനത്ത് പി.ഡി.എസ്.-ലൂടെ വിതരണം ചെയ്യുന്ന അരിയിൽ ഏതാണ്ട് 40 ശതമാനത്തിന്റെ ക്രമക്കേട് നടക്കുന്നു എന്നാണ് ശ്രീമതി നിവേദിത പി. ഹരന്റെ ഉൾപ്പെടെയുള്ള റിപ്പോർട്ടുകൾ നമ്മെ ഓർമ്മപ്പെടുത്തിയത്. കേന്ദ്രം തരുന്ന, പി.ഡി.എസ്.-ലൂടെ വിതരണം ചെയ്യുന്ന അരിയിൽ 60 ശതമാനം മാത്രമേ ജനങ്ങളിലേയ്ക്ക് എത്തുന്നുള്ളൂ. 40 ശതമാനം

കരിഞ്ചന്തയിലേയ്ക്ക് ഒഴുകുന്നു. എല്ലാ പഠന റിപ്പോർട്ടുകളും അതാണ് സൂചിപ്പിക്കുന്നത്. എന്നാൽ 40 ശതമാനം ജനങ്ങളിലേയ്ക്കും 60 ശതമാനം കരിഞ്ചയിലേയ്ക്കും പോകുന്നു എന്നാണ് എനിക്ക് പലപ്പോഴും തോന്നിയിട്ടുള്ളത്. ആ അവസ്ഥാവിശേഷത്തിനാണ് എൻ.എഫ്.എസ്.എ. നടപ്പാക്കുന്നതോടുകൂടി നമ്മൾ വിരാമമിടാൻ ശ്രമിക്കുന്നത്. ഈ രംഗത്തെ അഴിമതിയുടെ പ്രഭവ കേന്ദ്രമായ 330 ഹോൾസെയിൽ വ്യാപാരികളെ ഒഴിവാക്കി. എന്തുകൊണ്ടാണ് ഇതിനുമുൻപ് അവരെ ഒഴിവാക്കാൻ കഴിയാതിരുന്നത്; എൻ.എഫ്.എസ്.എ. 2013-ൽ പാർലമെന്റ് പാസ്സാക്കിയ നിയമമല്ലേ; ഒരു വർഷത്തിനുള്ളിൽ ആ നിയമം നടപ്പിലാക്കണമെന്നല്ലേ കേന്ദ്രം അനുശാസിച്ചിരുന്നത്; ആ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ഇടനിലക്കാരെ ഒഴിവാക്കേണ്ട നടപടിയായിരുന്നില്ലേ ഏറ്റവും ആദ്യം ചെയ്യേണ്ടിയിരുന്നത്; കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അത് ചെയ്തില്ല. ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ ആ അഴിമതിക്കാരെ ഒഴിവാക്കാൻ യാതൊരു പ്രയാസവുമുണ്ടായില്ല.

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങ് കഴിഞ്ഞ സഭയിലും ഈ വിഷയം ഉന്നയിച്ചിരുന്നു. അന്ന് കരിഞ്ചന്തയിൽപ്പെട്ട് കേസ് രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ ബിനാമികൾ ഇപ്പോഴും ഈ വിതരണം നടത്തുന്നു എന്നത് പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കഴിഞ്ഞ സഭയിൽ ഞാനത് ചൂണ്ടിക്കാട്ടുകയും ചെയ്തു. അത്

ആവർത്തിച്ചു എന്നതിനെ സംബന്ധിച്ച് വിവിധ പത്രങ്ങളിൽ വീണ്ടും വാർത്തകൾ വരികയാണ്, അവരെത്തന്നെ റെയ്ഡ് ചെയ്ത് കണ്ടുപിടിക്കുന്നതുമായി ബന്ധപ്പെട്ട്. ഇതിനെ സംബന്ധിച്ച് അങ്ങ് വ്യക്തമായൊരു മറുപടി ഈ സഭയിൽ പറയണം.

ശ്രീ. പി. തിലോത്തമൻ: സർ, അങ്ങ് കച്ചവടം ചെയ്യാൻ അവരെ അരി മുഴുവൻ ഏൽപ്പിച്ചിട്ട് ഇപ്പോൾ അവർ ലോറിക്കാരായി മാറിയിരിക്കുന്നു എന്നുപറയുന്നതിൽ എന്താണ് കാര്യമാണിരിക്കുന്നത്; ഞങ്ങൾ അക്കാര്യവും പരിശോധിക്കും. ഈ രംഗത്തെ അഴിമതി പരിപൂർണ്ണമായി തുടച്ചുനീക്കാൻ ആവശ്യമായ എല്ലാ കാര്യങ്ങളും ഞങ്ങൾ ചെയ്യും.

വാതിൽപ്പടി വിതരണം നടത്തി. ഇപ്പോൾ ഇ-പോസ് മെഷീൻ സ്ഥാപിച്ചു വരികയാണ്. അതിന്റെ ഔപചാരികമായ ഉദ്ഘാടനം കരുനാഗപ്പള്ളിയിൽവച്ച് ബഹുമാന്യനായ മുഖ്യമന്ത്രി നടത്തി. ഈ മാർച്ച് 31-നുള്ളിൽ സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ചുകൊണ്ട് സുതാര്യമായ വിതരണക്രമം നടത്തുന്നതിലേയ്ക്ക് ഞങ്ങൾ എല്ലാ കാര്യങ്ങളും ചെയ്യുന്നു. നിങ്ങൾക്ക് ഒരു പ്രയാസവും വേണ്ട. ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലും നടക്കുന്നതിനേക്കാൾ ഏറ്റവും മെച്ചപ്പെട്ട രൂപത്തിൽ നമ്മുടെ സംസ്ഥാനത്ത് ആ നിയമം നടപ്പാക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഞങ്ങൾ

നടപ്പാക്കുകതന്നെ ചെയ്യും. അതുകൊണ്ട് എല്ലാ കാര്യങ്ങളും ഇതിനുള്ളിൽ അവസാനിച്ചു എന്നർത്ഥമാകുന്നില്ല. വിജിലൻസും സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിലെ പ്രത്യേക അന്വേഷണ സംഘവും അന്വേഷണങ്ങൾ നടത്തുന്നുണ്ട്. ക്രമക്കേടുകൾ കണ്ടെത്തി യാതൊരു വിട്ടുവീഴ്ചയുമില്ലാതെ കർക്കശ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ മേനംകുളം, മാന്നാറിലെ ഗോഡൗൺ മറ്റ് ഗോഡൗണുകൾ എന്നിവിടങ്ങളിലെല്ലാം നേരിട്ട് പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ക്രമക്കേട് കണ്ടാൽ അതിനോട് ഒരു വിട്ടുവീഴ്ചയും ഉണ്ടാകുന്നില്ല.

14,335 റേഷൻ കടകൾ ഈ സംസ്ഥാനത്ത് പ്രവർത്തിക്കുകയാണ്. അത് പഴയ ആളുകൾ തന്നെയാണ്. ഞങ്ങൾ വന്നപ്പോൾ പുതിയതായി വന്നതൊന്നുമല്ല. അവരും ഇതിന്റെയൊക്കെ ഭാഗമായി നിന്നവരാണ്. പെട്ടെന്ന് മാറാനുള്ള പ്രയാസങ്ങളുണ്ട്. മാറുന്നതിനുള്ള നടപടികളാണ് ഞങ്ങളുടെ ഇടപെടലിലൂടെയും നിർദ്ദേശത്തിലൂടെയും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മാറാത്തവർക്ക് ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന സന്ദർഭത്തിൽ മാറേണ്ടിവരും. അല്ലാത്തവർക്ക് മുന്നോട്ടുപോകാനാവില്ല എന്നതാണ് വരാൻ പോകുന്ന വസ്തുത.

ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. അദ്ദേഹം

വിലക്കയറ്റത്തിന്റെ പ്രശ്നങ്ങൾ ഉണ്ടാകുന്നതിന്റെ കാര്യകാരണങ്ങളെക്കുറിച്ച് പറഞ്ഞു. ആ നയത്തിന്റെ വക്താക്കൾ ഇന്നത്തെ കേന്ദ്രം ഭരിക്കുന്നവർ സ്വീകരിക്കുന്ന സാമ്പത്തിക നയമാണ്. അത് തുടങ്ങിയത് ഇന്നും ഇന്നലെയുമല്ല. അതിനൊക്കെ ഒരുപാട് പഴക്കമുണ്ട്. ഏതായാലും ശ്രീ. കെ. മുരളീധരൻ ആ നയത്തെ എതിർക്കാൻ സന്നദ്ധമായി മുന്നോട്ട് വന്നുവെന്നത് വളരെ സന്തോഷമുള്ള കാര്യമാണ്. ആ നയത്തെ നമുക്കൊരുമിച്ച് നിന്ന് എതിർക്കാം, ഒരുമിച്ച് പോരാടാം എന്നാണ് എനിക്ക് അതേക്കുറിച്ച് പറയുവാനുള്ളത്.

പൊതുവിതരണ സംവിധാനത്തെ ശക്തിപ്പെടുത്തിക്കൊണ്ട് പോകാൻ കഴിഞ്ഞ ദിവസം അവതരിപ്പിച്ച ബഡ്ജറ്റിൽ വലിയ തുകയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നീക്കിവച്ചത്. അതുപോലെ മാർക്കറ്റ് ഇന്റർവെൻഷനും ആ അടിസ്ഥാനത്തിലാണ് അദ്ദേഹം തുക നീക്കി വയ്ക്കുന്നത്. ഇനിയും വേണ്ടിവന്നാൽ തുക നീക്കിവയ്ക്കും എന്നുതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. തീർച്ചയായും കേരളത്തിലെ പൊതുവിതരണ സംവിധാനത്തെ ശക്തിപ്പെടുത്തിക്കൊണ്ട്, നമ്മുടെ മാവേലി സ്റ്റോറുകളെ കുറേക്കൂടി കരുത്താർജ്ജിപ്പിച്ചുകൊണ്ട്, അവശ്യ സാധനങ്ങളെല്ലാം ലഭിക്കുന്ന മാവേലി സ്റ്റോറുകളാക്കി അതിനെ മാറ്റിക്കൊണ്ട്, പരിവർത്തനം ചെയ്തുവരുന്ന പുതിയതായി രൂപംകൊള്ളുന്ന മാറ്റമുണ്ടാകുന്ന നമ്മുടെ

റേഷൻ കടകളിൽ അവശ്യസാധനം കൂടി ലഭ്യമാക്കാൻ കഴിയുന്ന അവസ്ഥയിലേയ്ക്ക് മാറ്റാനുള്ള തുടക്കം കുറിച്ചുകൊണ്ട്, ന്യായവിലയ്ക്ക് അവശ്യസാധനങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുവാനുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കും എന്നാണ് എനിക്കിവിടെ പറയുവാനുള്ളത്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യവുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വിശക്കുന്നവന്റെ മുൻപിൽ ദൈവം അപ്പത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടാനേ ധൈര്യം കാണിക്കുവെന്ന് മഹാത്മജി പറഞ്ഞിട്ടുണ്ട്. ഇന്ന് വിശക്കുന്നവന്റെ വേദനയാണ് ശ്രീ. കെ. മുരളീധരൻ ഇവിടെ അവതരിപ്പിച്ചത്. നമ്മുടെ സംസ്ഥാനത്ത് വിലക്കയറ്റംകൊണ്ട് ജനങ്ങൾ പ്രയാസപ്പെടുന്നു. നാണ്യവിളകളുടേയും റബ്ബറിന്റേയും വിലയിടിവ് മൂലം കർഷകർ പ്രയാസപ്പെടുന്നു. സാധാരണക്കാരന്

ജീവിക്കാൻ കഴിയാത്ത അവസ്ഥ ഇന്ന് കേരളത്തിൽ സംജാതമാണ്. ഏതാനും ദിവസങ്ങൾക്കു മുൻപ് പുറത്തു വന്ന ഓക്സ്ഫാം സർവ്വേ സൂചിപ്പിക്കുന്നത് ഇന്ത്യയിലെ 73 ശതമാനം സമ്പത്തും രാജ്യത്തിലെ ഒരു ശതമാനം ആളുകളിൽ അടങ്ങുന്നുവെന്നാണ്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വർദ്ധിക്കുകയാണ്. അവശ്യ സാധനങ്ങളുടെ വില വർദ്ധനവിലൂടെ പാവപ്പെട്ടവന്റേയും അതോടൊപ്പം നിശ്ചിത വരുമാനക്കാരന്റേയും ജീവിത ദുരിതം വർദ്ധിക്കുകയാണ്. ഇത് കേരളത്തെയാണ് ഏറ്റവും കൂടുതലായി ബാധിച്ചുകൊണ്ടിരിക്കുന്നത്. കാരണം പ്രൊഡക്ഷന് പ്രാധാന്യം കൊടുക്കുന്ന സംസ്ഥാനമല്ല, നമ്മൾ ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. എവിടെ വില വർദ്ധനവ് ഉണ്ടായാലും അത് ആദ്യം ബാധിക്കുന്നത് കേരളത്തെയാണ്. സങ്കൽപ്പത്തിലെ കിഫ്ബി ഇവരുടെ വിശപ്പടക്കുകയില്ല. ഈ ഗവൺമെന്റ് പൊതുവിതരണ മേഖലയിൽ സ്വീകരിച്ചിരിക്കുന്ന അതീവ തെറ്റായ സമീപനങ്ങളാണ് നമ്മളെ വിലക്കയറ്റത്തിലേക്ക് എത്തിക്കുന്നത്. ഒരു ഭാഗത്ത് കേന്ദ്ര സർക്കാർ പെട്രോളിനും ഡീസലിനും എല്ലാ ദിവസവും വില വർദ്ധിപ്പിക്കുന്നു. ആ വില വർദ്ധനവ് മൂലം എല്ലാ നിത്യോപയോഗ സാധനങ്ങളുടേയും വില വർദ്ധിക്കുന്നു. ഇവിടെയൊന്നും ഉൽപ്പാദിപ്പിക്കാത്തതുമൂലം മറ്റു സംസ്ഥാനങ്ങളെ

ആശ്രയിക്കേണ്ടി വരുന്ന കേരള സംസ്ഥാനത്തെ ജനങ്ങളാണ് ഇതിന്റെ ഏറ്റവും വലിയ ഇരകളായി മാറിക്കൊണ്ടിരിക്കുന്നത്. പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിച്ചപ്പോൾ, ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റ് നാലുതവണ അധികവരുമാനം വേണ്ടെന്ന് വച്ചു. കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി ഒരു കാരണവശാലും ഞങ്ങൾ ഇത് പിൻവലിക്കുകയില്ലെന്ന നിലപാടാണ് എടുക്കുന്നത്. ആ മണ്ടത്തരം ഞങ്ങൾ ചെയ്യാനില്ലെന്നാണ് അദ്ദേഹം പറയുന്നത്. ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളും അവർക്ക് ലഭിക്കുന്ന അധിക നികുതി വരുമാനം വേണ്ടെന്ന് വച്ചുകൊണ്ട് ജനങ്ങളെ ബുദ്ധിമുട്ടിൽ നിന്ന് രക്ഷിക്കാൻ ശ്രമിക്കുമ്പോൾ ഇവിടുത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ സമീപനം അങ്ങേയറ്റം ദൗർഭാഗ്യകരമായിപ്പോയി. അതും വിലക്കയറ്റത്തിന് കാരണമായി മാറിക്കൊണ്ടിരിക്കുന്നു. ബഹുമാന്യനായ ഭക്ഷ്യവകുപ്പുമന്ത്രി എന്റെ ജില്ലക്കാരനാണ്, എനിക്ക് വളരെ സൗഹൃദമുള്ളയാളാണ്. ആ സൗഹൃദം കൊണ്ട് കാര്യമില്ലല്ലോ? അദ്ദേഹത്തിന്റെ നാലുതവണത്തെ പ്രസംഗവും ഞങ്ങൾ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന്റെ മറുപടി പ്രസംഗവും ഒന്നുതന്നെയാണ്. അദ്ദേഹം പറയുന്നത് ഈ സംസ്ഥാനത്ത് അരിയുടെ വില

വർദ്ധിക്കുന്നില്ലെന്നാണ്. അരിയുടെ വില എവിടെച്ചെന്നാലും ഒരുപോലെയാണ്, 50 രൂപയ്ക്ക് മുകളിലാണ് അരിയുടെ വില. ഇവിടെ കഴിഞ്ഞ വർഷം അരിക്കടയിൽ ജയ അരിക്ക് പകരം നൽകിയത് മഹാമായ എന്ന അരിയാണ്, വ്യാപകമായ പരാതിയായിരുന്നു. അദ്ദേഹം പറഞ്ഞത് ഞങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി എന്നാണ്. ഇന്ന് സ്ഥിതിയെന്താണ്, നിയമപ്രകാരം സംസ്ഥാനത്ത് സപ്ലൈകോ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് വാതിൽപ്പടി വിതരണം നടത്തേണ്ടതെങ്കിലും, ഇപ്പോഴും കരാറുകാരാണ് റേഷൻ സാധനങ്ങൾ കടകളിലെത്തിക്കുന്നത്. മുൻ കാലങ്ങളിൽ റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നതിനിടെ പോലീസ് പിടിയിലായവരുടെ ബിനാമികൾക്കാണ് പല ജില്ലകളിലും സപ്ലൈകോ ട്രാൻസ്പോർട്ട് കരാർ നൽകിയിരിക്കുന്നതെന്ന് മാധ്യമം പത്രം വളരെ വ്യക്തമായിത്തന്നെ റിപ്പോർട്ട് ചെയ്യുകയാണ്. ഇതിനെപ്പറ്റി മന്ത്രിക്ക് ഒന്നും പറയാനില്ലല്ലോ. വാതിൽപ്പടി വിതരണത്തിൽ ഉണ്ടായിരിക്കുന്ന ഗുരുതരമായ ക്രമക്കേടുകൾ എല്ലാ മാധ്യമങ്ങളിലൂടെയും പുറത്തു വന്നുകൊണ്ടിരിക്കുകയാണ്. അത് പരിഹരിക്കാനുള്ള എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചത്. ഇവിടെ വില കുടിക്കുടി മാനത്തോളം എത്തുന്നു. ജനങ്ങൾ പൊറുതി മുട്ടുന്നു. ഇവിടെ വില കൂട്ടും

അത് താനേ കുറയും, അതുകൊണ്ട് സർക്കാരിന് ആശ്വസിക്കാമെന്ന നിലപാട് ശരിയാണോ? വിലക്കയറ്റമുണ്ടായാൽ ജനങ്ങളെ രക്ഷിക്കാനുള്ള മൗലീകമായ ഉത്തരവാദിത്വം സർക്കാരിനല്ലേ, ഈയടുത്ത കാലത്ത് ഉള്ളിയുടെ വില 190 രൂപയായി, ഇപ്പോഴത് 60-65 രൂപ ആയി, അത് തനിയെ കുറഞ്ഞതാണ്, അല്ലാതെ ഗവൺമെന്റിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ കൊണ്ടല്ല. ഇതാണ് എല്ലാ കാര്യത്തിലുമുള്ള സ്ഥിതി. അരി, പയർ, പരിപ്പ്, മുളക്, പച്ചക്കറി ഇതിനെല്ലാം വിലകയറിയപ്പോൾ സർക്കാർ മൗനം പാലിക്കുകയായിരുന്നു. യു.ഡി.എഫ്. സർക്കാർ അധികാരം വിട്ടൊഴിയുമ്പോൾ ഉണ്ടായിരുന്ന വിലയുടെ ഇരട്ടി വിലയാണ് ഇന്ന് കേരളത്തിൽ നമുക്ക് കാണാൻ കഴിയുന്നത്. 24 മുതൽ 28 രൂപ വരെയായിരുന്നു അരിയുടെ വില. ഇന്ന് എത്രയാണ് അരിയുടെ വില? ജയ, സുരേഖ എന്നുപറഞ്ഞ് മോശപ്പെട്ട അരി വിറ്റഴിക്കുന്നുവെന്ന വ്യാപകമായ പരാതിയുണ്ടാകുന്നു. അതിനുപോലും 42 മുതൽ 48 രൂപ വരെ വിലയുണ്ട്. ബ്രാൻഡഡ് അരിക്ക് അതിനേക്കാൾ കൂടുതൽ വിലയാണ്, 60 രൂപ വരെയാണ് ബ്രാൻഡഡ് അരിക്കുള്ളത്. അരിക്ക് നേരിയ വില വർദ്ധനവുണ്ടെന്ന് മന്ത്രി ശ്രീ. പി. തിലോത്തമൻ 23-1-2018-ൽ ഈ സഭയിൽ നൽകിയ മറുപടിയിൽ പറയുന്നുണ്ട്. പക്ഷേ നേരിയ വർദ്ധനവ് അല്ല, കനത്ത വർദ്ധനവാണ്

ഉണ്ടായിട്ടുള്ളത്. വെളിച്ചെണ്ണയുടെ വിലയിൽ വലിയ മാറ്റമാണ് വന്നിട്ടുള്ളത്. വെളിച്ചെണ്ണയ്ക്ക് കിലോയ്ക്ക് 250 മുതൽ 260 രൂപ വരെയാണ് വില. ഇത് കേര കർഷകർക്ക് നല്ലതാണെങ്കിലും, ഇപ്പോൾ തേങ്ങയില്ലാത്ത സ്ഥിതിയാണ്, അതുകൊണ്ട് അവർക്ക് അതിന്റെ ആനുകൂല്യം കിട്ടുന്നില്ല. ഇപ്പോൾ എന്താണ് സ്ഥിതി, വെളിച്ചെണ്ണയുടെ വില കൂടിയതോടുകൂടി വ്യാജ എണ്ണ കേരളത്തിൽ വ്യാപകമായി ഒഴുകുകയാണ്. പല ബ്രാൻഡുകളിൽ വരുന്നു, ഇത് തടയാൻ വേണ്ടിയുള്ള യാതൊരു നടപടികളും ഭക്ഷ്യവകുപ്പിന്റേയോ ഫുഡ് സേഫ്റ്റി ഡിപ്പാർട്ടുമെന്റിന്റേയോ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. വ്യാജ എണ്ണ കേരളത്തിൽ ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുന്നു. പച്ചക്കറിയുടെ വിലയിലും വർദ്ധനവ് ഉണ്ടാകുന്നുണ്ട്. ഇത് നിയന്ത്രിക്കാൻ ബാദ്ധ്യസ്ഥരായ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കോ-ഓർഡിനേഷൻ ഉണ്ടാകുന്നില്ല. ഭക്ഷ്യ വകുപ്പും അതോടൊപ്പം തന്നെ കൃഷി വകുപ്പും ഫുഡ് സേഫ്റ്റി വകുപ്പും കൂടിച്ചേർന്നുകൊണ്ടുള്ള ഒരു കോ-ഓർഡിനേഷന്റെ അഭാവം ഈ കാര്യത്തിൽ നമുക്ക് വ്യക്തമാകുന്നുണ്ട്. തക്കാളി ഒഴിച്ച് എല്ലാ പച്ചക്കറികൾക്കും വില കൂടുന്നു എന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്നത്. 500 രൂപയ്ക്ക് സാധനങ്ങൾ വാങ്ങിയാൽ ഒരു സഞ്ചിയിൽ വാങ്ങാൻ കഴിയാത്ത സ്ഥിതിയാണ് ഇന്ന്

കേരളത്തിലുള്ളത്. പഴത്തിനാണെങ്കിൽ വലിയ വില, രസകദളിപ്പഴത്തിന് 75 രൂപയോളം വിലയുണ്ട്. പാളയംകോടൻ പഴത്തിന് 55 മുതൽ 60 രൂപ വരെ വിലയാണ്. മത്സ്യത്തിനാകട്ടെ, സാധാരണക്കാരന് ഇന്ന് മത്സ്യം വാങ്ങാൻ കഴിയാത്ത സ്ഥിതിയാണ്. അയലയ്ക്ക് 50 മുതൽ 60 രൂപവരെ, 8 മുതൽ 10 വരെ മത്തിക്ക് 50 രൂപ കൊടുക്കണം. ഹോട്ടലുകളിൽ വില കുറയുമെന്ന് പറഞ്ഞു, ജി.എസ്.ടി വന്ന ശേഷം അമിതലാഭമെടുക്കുന്ന ഹോട്ടൽ ഉടമകളുടെ പേരിൽ നിയന്ത്രണമേർപ്പെടുത്തുമെന്ന് പറഞ്ഞു. പക്ഷേ ഇപ്പോൾ ഹോട്ടലുകളിൽ വലിയതോതിലുള്ള കൊള്ള നടക്കുകയാണ്. ആരും നിയന്ത്രിക്കാനില്ലാത്ത അവസ്ഥയാണ്. ഒരു മസാലദോശയ്ക്ക് 60 മുതൽ 75 രൂപ വരെ കൊടുക്കേണ്ട സ്ഥിതിയാണ്, ഇത് സാധനങ്ങൾക്കെല്ലാം വില കൂടിയതിന്റെ ഫലമായിട്ടാണ്. ജി.എസ്.ടി. വന്നതോടുകൂടി ചിക്കന്റെ വില കുറയുമെന്നാണ് മന്ത്രി ഡോ. തോമസ് ഐസക് പറഞ്ഞത്. ചിക്കൻ 80 രൂപയ്ക്ക് കിട്ടുമെന്ന് പറഞ്ഞു, പക്ഷേ ചിക്കന് വിലകുറഞ്ഞില്ല. മാർക്കറ്റിൽ 120 രൂപയിൽ കൂടുതൽ ചിക്കന് വിലയുണ്ട്. ഹോട്ടലുകളിൽ കറിവച്ച ചിക്കന് തീപിടിച്ച വിലയാണ്, രണ്ടു കഷണങ്ങളുള്ള ചിക്കൻകറിക്ക് 120 രൂപക്ക് മുകളിൽ വിലവരുന്നു. ഹോട്ടലിന്റെ കെട്ടും മട്ടും അനുസരിച്ച് വില വീണ്ടും വർദ്ധിക്കുകയാണ്.

കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മുൻ പൊതുവിതരണ വകുപ്പുമന്ത്രി ശ്രീ. സി. ദിവാകരൻ പറഞ്ഞ കാര്യം ഞാനിവിടെ ഉദ്ധരിക്കുകയാണ്, 'ഭക്ഷ്യ പൊതുവിതരണ വകുപ്പ് പദ്ധതി വിഹിതം ഇരുപത്തെട്ട് ശതമാനം മാത്രം ചെലവഴിച്ചത് കൊണ്ടാണ് വിലക്കയറ്റമുണ്ടായത്'. ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ പ്ലാൻ ഫണ്ട് വിനിയോഗം പത്ത് ശതമാനം മാത്രമാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അന്ന് നവംബർ മാസത്തിലാണ് യു.ഡി.എഫ്. സർക്കാർ ഇരുപത്തെട്ട് ശതമാനം മാത്രം ചെലവഴിച്ച എന്ന് ബഹുമാനപ്പെട്ട സി. ദിവാകരൻ പറഞ്ഞത്, ഇന്ന് ഫെബ്രുവരി അഞ്ചായി, എന്നിട്ടും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. തിലോത്തമൻ ചെലവഴിച്ചത് പത്ത് ശതമാനം മാത്രമാണ് എന്നുള്ളത് കാണണം. ഇതുപോലെയാണെങ്കിൽ എങ്ങനെ വിലക്കയറ്റത്തെ നിയന്ത്രിക്കാൻ കഴിയും? ബഡ്ജറ്റിൽ കമ്പോള ഇടപെടലിനുള്ള തുക വെട്ടിക്കുറച്ചിരിക്കുകയാണ്, ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി അത് ശ്രദ്ധിച്ചുകാണില്ല. കഴിഞ്ഞ ബഡ്ജറ്റിൽ സിവിൽ സപ്ലൈസിനും കൺസ്യൂമർഫെഡിനും മാർക്കറ്റ് ഇന്റർവെൻഷന് വേണ്ടി നീക്കിവച്ചത് 350

കോടി രൂപയാണെങ്കിൽ ഇത്തവണ 250 കോടി രൂപയേയുള്ളൂ, അങ്ങ് ബഡ്ജറ്റ് പ്രസംഗം ശ്രദ്ധിച്ചില്ല, ശ്രദ്ധിക്കേണ്ടതാണ്, അങ്ങയെക്കൂടി സഹായിക്കാനാണ് ഇത് പറയുന്നത്. 100 കോടി രൂപ വെട്ടിക്കുറച്ചത് മന്ത്രി അറിഞ്ഞില്ല. വില നിയന്ത്രിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ ആത്മാർത്ഥതയില്ലായ്മയുടെ നേർചിത്രമാണ് ഇത് കാണിക്കുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, നൂറ് കോടി രൂപ അഡീഷണൽ ഓതറൈസേഷനായി കൊണ്ടുവരും.

ശ്രീ. രമേശ് ചെന്നിത്തല: മന്ത്രിയുടെ ആത്മാർത്ഥതയെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. നൂറ് കോടി രൂപ അഡീഷണൽ ഓതറൈസേഷനായി കൊണ്ടുവരുന്നത് നല്ല കാര്യമാണ്, ഞാനിത് ചൂണ്ടിക്കാണിച്ചില്ലായിരുന്നുവെങ്കിൽ അതും അങ്ങ് കൊണ്ടുവരുമായിരുന്നില്ല എന്നതാണ് സത്യം. നൂറ് കോടി രൂപ തന്റെ വകുപ്പിൽനിന്നും കുറഞ്ഞത് മന്ത്രി അറിഞ്ഞില്ല എന്നുപറയുമ്പോൾ ഞങ്ങൾ അദ്ദേഹത്തെ വിമർശിക്കുന്നതിൽ തെറ്റുണ്ടോ? പെട്രോളിന്റെയും ഡീസലിന്റെയും വില നിലവാരത്തെക്കുറിച്ച് ശ്രീ. കെ. മുരളീധരൻ ഇവിടെ ചൂണ്ടിക്കാണിച്ചു, ബഹുമാനപ്പെട്ട ധനകാര്യ വുകപ്പുമന്ത്രി അൽപ്പംകൂടി കരുണ

കാണിക്കണമായിരുന്നു.

ഡോ. ടി. എം. തോമസ് ഐസക്: അലോട്ട്മെന്റ് അഡീഷണൽ ഓതറൈസേഷനടക്കമുള്ളതാണ്, ബഡ്ജറ്റിൽ വയ്ക്കുന്നതിനേക്കാൾ കൂടുതൽ തുക പി.ഡബ്ല്യൂ.ഡി. തുടങ്ങിയ വകുപ്പുകൾക്കും കൊടുക്കാറുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: എത്ര വച്ചാലും പത്ത് ശതമാനത്തിൽ കൂടുതൽ ചെലവഴിക്കാൻ പോകുന്നില്ല, അങ്ങയുടെ ട്രഷറിയിൽനിന്നും പണം പോകുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പേടിക്കണ്ട.

ശ്രീ. പി. തിലോത്തമൻ: പ്ലാൻ ഫണ്ടിന്റെ എക്സ്പെൻഡിച്ചറിനെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ, അതുമുഴുവനും ഈപോസ് മെഷീൻ വാങ്ങേണ്ട ഫണ്ടാണ്, മാർച്ച് മുപ്പത്തൊന്നിനകം അത് കംപ്ലീറ്റായി ചെലവഴിക്കും.

ശ്രീ. രമേശ് ചെന്നിത്തല: ഞാൻ പറഞ്ഞത് വസ്തുതയാണെന്ന് ബോദ്ധ്യപ്പെട്ടല്ലോ, എനിക്കതുമതി. ഇരുപത്തെട്ട് ശതമാനം യു.ഡി.എഫ്. ഗവൺമെന്റ് ചെലവഴിച്ചപ്പോൾ എൽ.ഡി.എഫ് ഗവൺമെന്റ് ചെലവഴിച്ചത് പത്ത് ശതമാനം മാത്രമാണ്. ബഡ്ജറ്റ് വിഹിതമായോ അഡീഷണൽ ഓതറൈസേഷനായോ എത്ര പണം നീക്കിവച്ചാലും ട്രഷറിയിൽനിന്നും ഒരു പൈസ പോലും ഇവർ ചെലവഴിക്കാൻ പോകുന്നില്ല എന്നുള്ളതാണ് സത്യം,

അതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി പേടിക്കേണ്ട. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് നാല് പ്രാവശ്യം അഡീഷണൽ റവന്യൂ വേണ്ട എന്ന് തീരുമാനിച്ചു. നിങ്ങൾക്ക് ഒരു തവണയെങ്കിലും അഡീഷണൽ റവന്യൂ വേണ്ടായെന്ന് തീരുമാനിച്ച് മാതൃക കാട്ടാമായിരുന്നു, അധിക നികുതി ഒഴിവാക്കാമായിരുന്നു. കേരളത്തിലെ ജനങ്ങളുടെ തലയിൽനിന്നും അസഹനീയമായ ഈ അധികഭാരം ഇറയ്ക്കിവയ്ക്കാനുള്ള അൽപ്പം കനിവെങ്കിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയ്ക്ക് കാണിക്കാമായിരുന്നു. കേരളത്തിലെ പാവപ്പെട്ടവർ ഇന്നനുഭവിക്കുന്ന ഗുരുതരമായ വിലക്കയറ്റത്തിൽനിന്നും രക്ഷ നൽകുന്നതിനുള്ള ഒരു നടപടിയും അങ്ങയുടെ ബഡ്ജറ്റിൽ സ്വീകരിച്ചിട്ടില്ല, എന്നുമാത്രമല്ല അധിക നികുതി ചുമത്തി കൂടുതൽ ഭാരം ജനങ്ങളുടെ തലയിൽ അടിച്ചേൽപ്പിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട തിലോത്തമൻ എന്റെ ജില്ലക്കാരനാണ്, വർഷങ്ങളായി ബന്ധമുള്ളതാണ്, അദ്ദേഹത്തെ കുറ്റപ്പെടുത്താൻ ഞാൻ നിർബന്ധിതനാകുകയാണ്. ഭക്ഷ്യവകുപ്പ് ഇതുപോലെ കുത്തഴിഞ്ഞ് കിടന്ന ഒരു കാലമുണ്ടായിട്ടുണ്ടോ! റേഷൻ കടകളിൽ സാധനങ്ങൾ കിട്ടുന്നില്ല, ഇവിടെ പണമില്ലാത്തതിനാൽ എഫ്.സി.ഐ.-യിൽ നിന്നും റേഷൻ

അരി മുടങ്ങി. കേന്ദ്രം അനുവദിച്ചിട്ടുള്ള റേഷൻ സാധനങ്ങൾ എഫ്.സി.ഐ-യിൽ വന്നത് വാങ്ങുന്നതിനായി ഡിസംബർ മുപ്പത്തിയൊന്നിന് മുൻപ് അടയ്ക്കേണ്ട തുക അടയ്ക്കാത്തതിനാൽ റേഷനരി വാങ്ങാൻ കഴിയാതെ പോയ ഒരു സർക്കാരാണ് കേരളം ഭരിക്കുന്നത്. ആരാണ് ഇതിനൊക്കെ മറുപടി പറയുക?

<u>ശ്രീ. പി. തിലോത്തമൻ</u>: നമ്മുടെ അലോട്ട്മെന്റിൽ നിന്നും ഒരു കിലോ അരി പോലും കുറവ് വന്നിട്ടില്ല, മുഴുവനായും നമ്മൾ ലിഫ്റ്റ് ചെയ്തിട്ടുണ്ട്, വിതരണം ചെയ്തിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ഡിസംബർ മുപ്പത്തിയൊന്നിന് മുൻപ് പണം അടയ്ക്കണമായിരുന്നു, അത് ചെയ്തിട്ടുണ്ടോ?

<u>ശ്രീ. പി. തിലോത്തമൻ</u>: തൊട്ടടുത്ത മാസത്തേയ്ക്കുള്ളതാണ് അത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ഗോഡൗണിൽ വന്ന അരി ഡിസംബർ മുപ്പത്തിയൊന്നിന് മുൻപ് പണമടച്ച് വാങ്ങേണ്ടതാണ്. ആ പണമടയ്ക്കാത്തതുകൊണ്ടാണ് റേഷൻ കടകളിൽ അരിയില്ലാതെ പോയത്. ആ തുക അങ്ങ് പിന്നീട് അടച്ചു.

<u>ശ്രീ. പി. തിലോത്തമൻ</u>: അരിവിതരണത്തിൽ ഒരു മുടക്കവും വന്നിട്ടില്ല.

കംപ്ലീറ്റ് അരി എടുത്തു, റേഷൻ കട വഴി വിതരണം നടത്തുകയും ചെയ്തു.

ശ്രീ. രമേശ് ചെന്നിത്തല : ഡിസംബർ31-ന് ഗോഡൗണിൽ വന്ന അരി പണം കൊടുത്ത് വാങ്ങാതിരുന്നത് അങ്ങയുടെ കുറ്റമല്ല.

ശ്രീ. പി. തിലോത്തമൻ : ഡിസംബർ മാസം വന്ന അരി അടുത്ത മാസത്തേക്കുള്ളതാണ്.

ശ്രീ. രമേശ് ചെന്നിത്തല : അടുത്ത മാസത്തേയ്ക്കുള്ളതാണെങ്കിലും പണം അടയ്ക്കാത്തതിനാലാണ് റേഷൻ കടകളിൽ സാധനമെത്താതെ പോയത്, ഇത് ശരിയായ നടപടിയല്ല. ഇത് ഭക്ഷ്യ വകുപ്പുമന്ത്രിയുടെ കുറ്റമാണെന്ന് ഞാൻ പറഞ്ഞില്ല, ധനകാര്യ വകുപ്പിന്റെ കുറ്റമാണ്. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി അതീവ ഗുരുതരമായി വന്നപ്പോഴാണ് ഡിസംബർ മുപ്പത്തിയൊന്നിന് മുൻപ് പണമടയ്ക്കാൻ കഴിയാതിരുന്നത്.

ശ്രീ. പി. തിലോത്തമൻ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സഭയെ തെറ്റിദ്ധരിപ്പിക്കരുത്, ഒരിക്കൽപ്പോലും ഇവിടെ റേഷൻ മുടങ്ങിയിട്ടില്ല. സമയത്തിന് പണമടച്ചു, അരിയെടുത്തു, ജനുവരി മാസത്തിലും തുടർന്നും കൃത്യമായി അരിവിതരണം നടന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: ഈ ഗവൺമെന്റ് വന്നതിനുശേഷം

കേരളത്തിൽ നാല് മാസം റേഷനരി വിതരണം മുടങ്ങി. നിങ്ങൾ ആരോടാണ് പറയുന്നത്, സാമ്പത്തിക പ്രതിസന്ധി മൂലം ഡിസംബർ മുപ്പത്തിയൊന്നിന് മുൻപ് പണമടയ്ക്കാതെ റേഷൻ വിഹിതം ലിഫ്റ്റ് ചെയ്യുന്നതിൽ താമസമുണ്ടായി, മുടങ്ങിയെന്ന് ഞാൻ പറഞ്ഞില്ല, റേഷൻ വിതരണത്തിൽ പാളിച്ചയുണ്ടായി. വാതിൽപ്പടി വിതരണത്തെപ്പറ്റി അങ്ങിവിടെ പറഞ്ഞു, അതിനെപ്പറ്റിയുള്ള ആക്ഷേപങ്ങൾ ഇന്ന് ധാരാളമായുണ്ട്. മുഖ്യമന്ത്രിയെക്കൊണ്ട് ഉദ്ഘാടനം ചെയ്യിക്കുന്നതിനുമുൻപ് പൂർണ്ണമായും സുതാര്യവും ഫലപ്രദവുമാക്കണമായിരുന്നു. കരിഞ്ചന്തക്കാരും ഇടനിലക്കാരും പഴയകാലത്ത് ട്രാൻസ്പോർട്ട് ചെയ്തവരും ഇപ്പോഴും തുടരുകയാണ്. അവർ കാണിക്കുന്ന അഴിമതി തടയാൻ മന്ത്രിയ്ക്ക് കഴിഞ്ഞിട്ടില്ല. ഉദ്ഘാടനത്തിന് മുൻപ് അതാണ് ചെയ്യേണ്ടിയിരുന്നത്, വ്യാപകമായി പരാതി ഉയർന്നുവരികയാണ്. ആന്ധ്രാപ്രദേശിൽ നിന്നും നേരിട്ട് അരി വാങ്ങുന്നതിനെക്കുറിച്ച് ഞാൻ മന്ത്രിയെ കളിയാക്കിയെന്ന് പറഞ്ഞു. ഞാൻ പറഞ്ഞത് ആന്ധ്രാപ്രദേശിൽ തിലോത്തമൻ പോയി, അരി വന്നില്ല എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആന്ധ്രാപ്രദേശ് ഡെപ്യൂട്ടി മുഖ്യമന്ത്രിയോട് സംസാരിച്ചു. നേരിട്ട് അരി തരാമെന്ന് പറഞ്ഞു. നേരിട്ട് അരി കിട്ടിയോ എന്ന് ചോദിച്ചതിന് വകുപ്പുമന്ത്രി ഇതുവരെ മറുപടി പറഞ്ഞിട്ടില്ല.

ഇപ്പോഴും പഴയ സംവിധാനം തുടരുകയാണ്. ആന്ധ്രാപ്രദേശിൽനിന്നും ഇടനിലക്കാരില്ലാതെ അരി വാങ്ങുമെന്നത് ഈ ഗവൺമെന്റ് സഭയ്ക്ക് നൽകിയ ഉറപ്പാണ്. ആന്ധ്രയിൽ നിന്നും ഇടനിലക്കാരില്ലാതെ നേരിട്ട് അരി വാങ്ങുമെന്നും വിലകുറച്ച് അരി നൽകി കേരളത്തിലെ ജനങ്ങളെ വിലക്കയറ്റത്തിൽ നിന്നും രക്ഷിക്കുമെന്നുമുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഭക്ഷ്യ വകുപ്പുമന്ത്രിയുടെയും ഉറപ്പ് കുറുപ്പിന്റെ ഉറപ്പായി മാറി എന്നുള്ളതാണ് ഇവിടെക്കണ്ടത്. എവിടെയാണ് മാവേലി സ്റ്റോറിൽ സാധനങ്ങളുള്ളത്? ആ മൂന്ന് കുട്ടികൾ മരിച്ച സമയത്ത് ഞാൻ പൊന്നാനിയിൽപ്പോയി, അവിടെയുള്ള ഒരു മാവേലി സ്റ്റോറിൽ കയറേണ്ട ഒരു സാഹചര്യമുണ്ടായതിനാൽ ഞാൻ കയറി, ഞാൻ ചോദിച്ച ഒരു സാധനവും അവിടെയില്ല, ഒരു ടെസ്റ്റ് കേസായി ഞാൻ ചോദിച്ചതാണ്. മാവേലി സ്റ്റോറുകളിലും കൺസ്യൂമർഫെഡിലും സാധനങ്ങളില്ല. പഞ്ചസാരയുണ്ടെങ്കിൽ മുളകില്ല, മുളകുണ്ടെങ്കിൽ പഞ്ചസാരയില്ല എന്നതാണ് മാവേലി സ്റ്റോറുകളുടെ സ്ഥിതി. റേഷൻ കടകളിൽ സാധനങ്ങൾ കിട്ടുന്നില്ല. റേഷൻ കാർഡിലെ അച്ചടിത്തെറ്റ് ഇതുവരെ തിരുത്താൻ കഴിഞ്ഞിട്ടില്ല. ഇവിടെ റേഷൻ സാധനങ്ങൾ അപ്പാടെ കരിഞ്ചന്തയിൽ പോകുന്നുവെന്നാണ് പത്രറിപ്പോർട്ട്. ബഹുമാന്യനായ മന്ത്രി

ഇക്കാര്യം ശ്രദ്ധിക്കുന്നുണ്ടോ? സംസ്ഥാനത്തെ റേഷൻ കടകളിൽ മുപ്പത് മുതൽ നാൽപ്പത് ശതമാനം വരെ അരി എല്ലാമാസവും കരിഞ്ചന്തയിൽ പോകുന്നുവെന്നും മാസം അൻപത് കോടി രൂപയുടെ കള്ളക്കടത്ത് നടക്കുന്നുവെന്നുമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഇതുമുഖേന അറുനൂറ് കോടി രൂപ പലരായി ലാഭമുണ്ടാക്കുന്നുവെന്ന കാര്യവും റിപ്പോട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഞങ്ങൾ ഗൗരവത്തോടെ അവതരിപ്പിക്കുന്ന ഇക്കാര്യം ഈ നാട്ടിലെ മുഴുവൻ ജനങ്ങളെയും ബാധിക്കുന്നതാണ്. റബ്ബറടക്കമുള്ള നാണ്യവിളകൾക്കൊന്നും വിലയില്ല, ജീവിതം ദുസ്സഹമാകുന്നു. സർക്കാർ ജീവനക്കാരുൾപ്പെടെയുള്ള നിശ്ചിത വരുമാനക്കാർ, പാവപ്പെട്ടവർ, തൊഴിലാളികൾ തുടങ്ങിയവരെല്ലാം വിലക്കയറ്റം കാരണം പ്രയാസമനുഭവിക്കുകയാണ്. സാധാരണക്കാരായ ആളുകളനുഭവിക്കുന്ന ഈ വിലക്കയറ്റം നിയന്ത്രിക്കുന്ന കാര്യത്തിൽ സർക്കാർ പൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണ്. ഇത്രയും ഗൗരവതരമായ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ബഹുമാന്യനായ പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്നും

പുറത്തു പോയി.)

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽത്തന്നെ അരി, പഞ്ചസാര, വെളിച്ചെണ്ണ ഇവയുടെ വില വർദ്ധിച്ചിട്ടുണ്ടെന്നുള്ള കുറ്റസമ്മതം നടത്തിയിട്ടുണ്ട്. മാവേലി സ്റ്റോറിൽത്തന്നെ സബ്സിഡി ഐറ്റവും സബ്സിഡി ഇല്ലാത്ത ഐറ്റവുമുണ്ട്. സബ്സിഡി ഐറ്റങ്ങളിൽ മിക്കതും മാവേലി സ്റ്റോറുകളിൽ ലഭ്യമല്ലെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നിലവാരമില്ലാത്ത പഞ്ചസാരയാണ് സപ്ലൈകോ വഴി വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ബ്ലാക്ക്ലിസ്റ്റ് ചെയ്തിട്ടുള്ള കമ്പനിക്കാരാണ് ഇതിന്റെ വിതരണച്ചുമതല ഏറ്റെടുത്തിരിക്കുന്നത്. പഞ്ചസാരയിൽ മാലിന്യവും മണ്ണുമൊക്കെയുണ്ടെന്നുള്ള ആക്ഷേപമുണ്ടാകുമ്പോൾ അതുസംബന്ധിച്ച ലാബ് ടെസ്റ്റ് നടത്തി പരിശോധനാഫലം വരുമ്പോഴേയ്ക്കും പഞ്ചസാര മുഴുവൻ വിറ്റുകഴിഞ്ഞിട്ടുണ്ടാകും. വീണ്ടും ഇതേ കമ്പനികൾക്കുതന്നെ വിതരണച്ചുമതല നൽകുകയും വേറെ അധികം കമ്പനികളൊന്നും പ്രസ്തുത ചുമതല ഏറ്റെടുക്കാൻ തയ്യാറായി മുന്നോട്ടുവരാത്തതുകൊണ്ടാണ് തെറ്റ് ചെയ്തവർക്ക് വീണ്ടും കൊടുക്കേണ്ടിവരുന്നതെന്ന ന്യായമാണ് പറയുന്നത്. വിതരണത്തിനായി എത്തിച്ചേരുന്ന പഞ്ചസാര ക്വാളിറ്റി കുറഞ്ഞതായിരിക്കും. സാധനവില

വർദ്ധിച്ചിരിക്കുന്നുവെന്നത് അങ്ങുതന്നെ സമ്മതിക്കുന്നു. അരിയുടെയും പെട്രോളിയം ഉല്പന്നങ്ങളുടെയും വിഷയം ഇവിടെ പറയുകയുണ്ടായി. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിക്കുന്നുണ്ടെങ്കിൽ മറ്റ് സംസ്ഥാനങ്ങളിൽ ചെയ്യുന്നതുപോലെ അധികമായി കിട്ടുന്ന വരുമാനം വേണ്ടെന്നുവയ്ക്കാൻ സർക്കാർ തയ്യാറാകണം. വില എന്നുപറയുന്നത്, ഏതെങ്കിലും ഒരു സമയത്ത് വില വർദ്ധിച്ചുകഴിഞ്ഞാൽ പിന്നെ ഡൗൺവേഡ് സ്റ്റിക്കി എന്നപോലെ പിന്നീട് വില കുറയുമ്പോൾ ഒരിക്കലും ഈ കുത്തകകൾ ഇതിന്റെ വില താഴോട്ടുകൊണ്ടുപോകാൻ അനുവദിക്കില്ല. ഡൗൺവേഡ് സ്റ്റിക്കി എന്നുപറയുന്ന അവസ്ഥ ഈ രാജ്യത്ത് നിലനിൽക്കുന്നതുകൊണ്ടുതന്നെ കൂടിയ വില ഒരിക്കലും താഴോട്ടുവരുന്നില്ല. ചരക്കുമായി ബന്ധപ്പെട്ട് പെട്രോളും ഡീസലും കണക്കുഡായതുകൊണ്ട് അതിന്റെ വില നിയന്ത്രിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ഒരു വിട്ടുവീഴ്ചയ്ക്ക് തയ്യാറാകണം. അതൊരു മണ്ടത്തരമല്ല. പാവപ്പെട്ടവനുവേണ്ടി സ്വീകരിക്കുന്ന വളരെ ദയാപൂർവ്വമായ ഒരു സമീപനമായിരിക്കും അത്. ആ സമീപനമെടുക്കാൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണം. ജി.എസ്.ടി.-യുടെ കാര്യം വരുമ്പോൾ കേന്ദ്രവും സംസ്ഥാനവും ഒറ്റക്കെട്ടാണ്. 90 ശതമാനത്തോളംവരുന്ന പെട്രോൾ, ഡീസൽ എന്നിവയെ

ജി.എസ്.ടി.-യിലേയ്ക്ക് കൊണ്ടുവന്നുകഴിഞ്ഞാൽ വിലക്കയറ്റം 18 ശതമാനമാക്കി കുറയ്ക്കാൻ സാധിക്കുമെന്നാണ് കണക്കുകൾ പറയുന്നത്. ജി.എസ്.ടി. കൗൺസിലിൽ ഈ വിഷയം വരുന്ന സമയത്ത് ധനകാര്യ വകുപ്പുമന്ത്രി ശക്തമായ ഒരു നിലപാടെടുത്താൽ നമുക്കാവശ്യമായ സാധനങ്ങൾ വില കുറച്ച് കിട്ടുന്നതിനുള്ള ഒരു മാർഗ്ഗമായി അത് മാറും. കരിഞ്ചന്തയിലേയ്ക്ക് അരി പോകുന്നതിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പ്രത്യേക വിഭാഗത്തിന് അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങളിൽ ബാക്കിവരുന്നത് മുഴുവൻ കരിഞ്ചന്തയിലേയ്ക്ക് പോകുന്നുവെന്ന നിലയിലുള്ള ധാരാളം വാർത്തകൾ പത്രത്തിൽ വന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ പേരിൽ ഒരു നടപടിയും സ്വീകരിച്ചതായി അങ്ങ് ഇവിടെ പറയുന്നില്ല. പഞ്ചസാരയുടെ കാര്യത്തിൽ ബ്ലാക്ക്‌ലിസ്റ്റ് ചെയ്യപ്പെട്ട കമ്പനികൾ ഇനിയും ഇതുപോലെയുള്ള നടപടികൾ സ്വീകരിച്ചാൽ നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണെടുത്തിട്ടുള്ളത്? അടിസ്ഥാനപരമായി ഇതെല്ലാം താങ്ങേണ്ടിവരുന്നത് സാധാരണ ജനങ്ങളാണ്. വില വർദ്ധനവുണ്ടായിട്ടില്ലെന്ന് നമുക്കൊരിക്കലും പറയാൻ സാധിക്കില്ല. ഇടപെടലുകൾ കൃത്യമായി നടത്താത്തതിന്റെ പേരിലാണ് അങ്ങുപോലും പാർട്ടിക്കകത്ത് വിമർശിക്കപ്പെടുന്നത്. അതുകൊണ്ട് ഒരു പുനർ

വിചിന്തനത്തിന് തയ്യാറായി ഒരുമിച്ചുനിന്ന് ഇക്കാര്യം ചർച്ച ചെയ്ത് ഉചിതമാർഗ്ഗം കണ്ടെത്താമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് രണ്ടുവർഷം പൂർത്തിയാക്കാൻ പോകുകയാണ്. പക്ഷെ ഞാൻ ഭരണത്തെ വിലയിരുത്തുമ്പോൾ കാണുന്നത്, വില വർദ്ധനവ് കാര്യക്ഷമമായി തടയുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ലെന്നാണ്. വില വർദ്ധനവിന്റെ കാരണക്കാർ ഈ ഗവൺമെന്റല്ല. പക്ഷേ കൃത്യമായും ഒന്നുകൂടി വിജിലന്റായി പ്രവർത്തിക്കുമെങ്കിൽ തീർച്ചയായും ഈ വില വർദ്ധനവ് കുറച്ചുകൂടി കുറയ്ക്കാമായിരുന്നു. ഇന്ന് എല്ലാ സാധനങ്ങളുടെയും വില വർദ്ധിച്ചിരിക്കുകയാണ്. അരിയുടെ വില 50 രൂപയും പച്ചക്കറിയുടെ വില 35 ശതമാനത്തിൽനിന്നും 50 ശതമാനമായും വർദ്ധിച്ചിട്ടുണ്ട്. വെളിച്ചെണ്ണ വില 77 രൂപയിൽനിന്നും 200

രൂപയ്ക്ക് മുകളിലേക്കെത്തിക്കഴിഞ്ഞു. ഇന്ധനവില ദിനംപ്രതി നിയന്ത്രണമില്ലാതെ വർദ്ധിക്കുകയാണ്. ഇതിൽ ഒരു കാര്യം ചെയ്യേണ്ടത്, ഇന്ധന വിലയുടെ അധിക വരുമാനം കുറച്ച് വേണ്ടെന്ന് വയ്ക്കണം. മുൻ യു.ഡി.എഫ്. ഗവൺമെന്റ് ഇന്ധനവില കുറയ്ക്കുകയും അധികവരുമാനം വേണ്ടെന്ന് വയ്ക്കുകയും ചെയ്തിട്ടുണ്ട്. ജനങ്ങളെ സഹായിക്കുന്ന തരത്തിലുള്ള ഒരു നടപടിയും ഈ ഗവൺമെന്റ് ചെയ്യുന്നില്ല. ഗവൺമെന്റിന്റെ ഈ കൃത്യവിലോപത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഈ ഗവൺമെന്റിന്റെ പിടിപ്പുകേടും അഴിമതിക്ക് കൂട്ടുനിൽക്കലുമൊക്കെ ഇവിടത്തെ ചർച്ചയിലൂടെ പുറത്തുവന്നിട്ടുണ്ട്. കേന്ദ്രം കുറഞ്ഞ വിലയ്ക്ക് തരുന്ന അരിയിൽ 40 ശതമാനമാണ് ബ്ലാക്ക്മാർക്കറ്റിൽ പോകുന്നതെന്ന് ഒരു വിഭാഗവും അതല്ല 60 ശതമാനമാണ് പോകുന്നതെന്ന് മറ്റൊരു വിഭാഗവും തമ്മിലുള്ള തർക്കമാണ് ഇവിടെ

നടക്കുന്നത്. ഏതായാലും സംഭവിക്കുന്നവെന്നുള്ളതാണ്. ജനങ്ങളെ സഹായിക്കാനായി ഇക്കാര്യത്തിൽ ഒരു ഇളവ് നൽകാനുള്ള അഭ്യർത്ഥന മാനിക്കാനും സർക്കാർ തയ്യാറല്ല. മറ്റ് പല സർക്കാരുകളും ഇക്കാര്യം ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ഈ സർക്കാരിന്റെ നയപരിപാടികളിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിൽ രൂക്ഷമായ വിലക്കയറ്റമുണ്ടായി എന്നുള്ളത് യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ ചില ഇനങ്ങൾക്ക് വില വർദ്ധിച്ചിട്ടുണ്ടെന്ന് ഈ സഭയിൽത്തന്നെ സമ്മതിച്ചു. അത് സ്വാഗതാർഹമാണ്. ആ വർദ്ധനവിന് തടയിടുവാനായി ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികൾ പരിപൂർണ്ണമല്ലെന്നാണ് ഞങ്ങളിവിടെ ചൂണ്ടിക്കാട്ടിയത്. ഇവിടെ പ്രമേയാവതരാകൻ അരി കരിഞ്ചന്തയിലേയ്ക്ക് മാറുന്നുവെന്ന് പറഞ്ഞപ്പോൾ അങ്ങ് മറുചോദ്യമായി ചോദിച്ചത്, ഹോൾസെയിൽകാരെ ഒഴിവാക്കാൻ കഴിഞ്ഞ ഗവൺമെന്റ് എന്തുകൊണ്ട്

തയ്യാറായില്ലെന്നാണ്. അങ്ങ് പറയുന്ന ഈ ഹോൾസെയിൽകാർ തന്നെയാണ് ഇപ്പോൾ ബിനാമി പേരുകളിൽ കേരളത്തിൽ അരി വിതരണം നടത്തുന്നത്. അവരെയാണ് അങ്ങയുടെ ഗവൺമെന്റിന്റെ വിജിലൻസ് പിടികൂടിയത്. അവരും സപ്ലൈകോയിലെ ഏതാനും ഉദ്യോഗസ്ഥരും ഈ കരാറുകാരും ചേർന്നുകൊണ്ടുള്ള ലോബി ഇന്നും യഥേഷ്ടം തുടരുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. അതിനെ സംബന്ധിച്ച് എന്ത് നടപടിയെടുക്കുമെന്നാണ് ഞാൻ അങ്ങയോട് ചോദിച്ചത്. അങ്ങത് പരിശോധിക്കാമെന്ന് പറഞ്ഞു. അങ്ങ് അത് പരിശോധിച്ച് യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കണം. ഇവിടെ ഗവൺമെന്റിന്റെ നടപടികൾ കാര്യക്ഷമമായി മുന്നോട്ടുപോകുന്നില്ല. വാതിൽപ്പടി വിതരണം സുതാര്യമായ നിലയിൽ നടത്തിയിരുന്നുവെങ്കിൽ ഇന്ന് ഇത്തരത്തിലുള്ള വാർത്തകളോ നടപടികളോ ഉണ്ടാകുമായിരുന്നില്ല. കരിഞ്ചന്തയിലേയ്ക്ക് പോകുന്ന അരി പിടികൂടുന്ന സന്ദർഭങ്ങൾ ഇന്ന് വർദ്ധിച്ചുവരികയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, സംസ്ഥാനം മുഴുവൻ നല്ല പരിശോധന നടത്തുന്നുണ്ട്. വിജിലൻസും സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് സ്ക്വാഡും പ്രത്യേക പരിശോധന നടത്തുന്നതുകൂടാതെ ഞങ്ങളും ക്രമക്കേടുകൾ കണ്ടുപിടിച്ച് കർശന നടപടി

സ്വീകരിക്കുന്നുണ്ട്. എന്നാൽ പഴയ തോതിൽ ഇപ്പോൾ കരിഞ്ചന്ത നടക്കുന്നുവെന്ന് അങ്ങയെപ്പോലുള്ളവർ പറയരുത്.

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങയുടെ ഗവൺമെന്റ് വന്നതിനുശേഷം സ്വീകരിച്ച നടപടികൾ പര്യാപ്തമല്ലാത്തതാണ് ഇത്തരത്തിലുള്ള വിഷയങ്ങൾ ആവർത്തിക്കുവാനുള്ള കാരണം. അങ്ങ് കാര്യങ്ങൾ മനസ്സിലാക്കണം. കഴിഞ്ഞ 20 മാസക്കാലമായി അങ്ങ് നൽകുന്ന മറുപടി ഒരേ മറുപടി തന്നെയാണ്. അങ്ങയുടെ മറുപടിയിൽ യാതൊരു വ്യത്യാസവുമില്ല. അങ്ങ് ഇതുതന്നെയാണ് അടുത്ത മൂന്ന് വർഷവും പറയാൻ പോകുന്നതെന്ന് ഞങ്ങൾ കരുതുകയാണ്. എന്തായാലും ഈ ഗവൺമെന്റിന്റെ ഇത്തരത്തിലുള്ള നടപടികൾ കാരണം കേരളത്തിലെ വിലക്കയറ്റം അതിരൂക്ഷമായിപ്പോകുന്നു. അതിന്റെ തിക്താനുഭവം വരുന്നത് ജനങ്ങളിലേയ്ക്കാണ്. ഈ വിഷയങ്ങൾ ചർച്ച ചെയ്യുവാൻ ഗവൺമെന്റ് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

(സഭ വിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ

തിരികെ പ്രവേശിച്ചു.)